## പതിമൂന്നാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014-2016)

## മുപ്പതാമത് റിപ്പോർട്ട്

(2015 ഡിസംബർ 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (1996-1998)യുടെ ആറാമത് റിപ്പോർട്ടിലെ (ആലപ്പുഴ കുട്ടനാടൻ പ്രദേശങ്ങളിലെ പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച്) ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014-2016)

## മുപ്പതാമത് റിപ്പോർട്ട്

(2015 ഡിസംബർ 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (1996-1998)യുടെ ആറാമത് റിപ്പോർട്ടിലെ (ആലപ്പുഴ കുട്ടനാടൻ പ്രദേശങ്ങളിലെ പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച്) ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച്]**

97/2016.

# ഉള്ളടക്കം

| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| അദ്ധ്യായം I: റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II: സമിതിയുടെ ശിപാർശകൾ, അതിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സംബന്ധിച്ച വിശദാംശം | .. | 2 |
| അനുബന്ധം | .. | 22 |

# പരിസ്ഥിതി സംബന്ധിച്ച സമിതി (2014-2016)

## ഘടന

<u>അദ്ധ്യക്ഷൻ:</u>

ശ്രീ. സി. പി. മുഹമ്മദ്

<u>അംഗങ്ങൾ:</u>

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

ശ്രീ. എ. എം. ആരിഫ്

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. കെ. എം. ഷാജി

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

ശ്രീ. പി. സി. വിഷ്ണുനാഥ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. രാജു, കെ. എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആർ. മോഹനദാസ്, അണ്ടർ സെക്രട്ടറി.

## മുഖവുര

പരിസ്ഥിതി സംബന്ധിച്ച സമിതി (2014-2016)-യുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം മുപ്പതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2015 ഡിസംബർ മാസം 15-ാം തീയതി കൂടിയ സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

സി. പി. മുഹമ്മദ്,
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2015 ഡിസംബർ 15.

# റിപ്പോർട്ട്

## അദ്ധ്യായം I

പരിസ്ഥിതി സംബന്ധിച്ച സമിതി (1996-1998)-യുടെ ആറാമത് റിപ്പോർട്ട് (ആലപ്പുഴ, കുട്ടനാടൻ പ്രദേശങ്ങളിലെ പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച്) 1997 ജൂലൈ 28-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി.

2. ആലപ്പുഴ പട്ടണത്തിലും കുട്ടനാടൻ പ്രദേശങ്ങളിലും സംജാതമായിരുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് സമിതി നടത്തിയ പഠനങ്ങളുടെയും തെളിവെടുപ്പുകളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്രസ്തുത റിപ്പോർട്ടിൽ ആകെ 14 ശിപാർശകളാണ് ഉണ്ടായിരുന്നത്. സമിതിയുടെ ശിപാർശകളിന്മേൽ അനന്തര നടപടികൾ സ്വീകരിക്കുന്നതിലേക്കായി റിപ്പോർട്ടിന്റെ പ്രതികൾ 8-6-1998-ന് ബന്ധപ്പെട്ട വകുപ്പുകൾക്ക് അയച്ചുകൊടുക്കുകയുണ്ടായി.

3. സമിതി (1996-1998)-യുടെ ആറാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ യഥാസമയം മറുപടി ലഭിക്കാത്തതിനാൽ 26-8-2009, 3-6-2009, 27-8-2014 എന്നീ തീയതികളിൽ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരിൽ നിന്നും സമിതി തെളിവെടുപ്പ് നടത്തുകയുണ്ടായി. റിപ്പോർട്ടിലെ 10, 11 എന്നീ ശിപാർശകളിന്മേൽ ശാസ്ത്രസാങ്കേതിക പരിസ്ഥിതി വകുപ്പ് ലഭ്യമാക്കിയ മറുപടി പരിഗണിച്ച സമിതി ആലപ്പുഴ ജില്ലയിലെ പരിസ്ഥിതി പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് നടത്തിയ പഠന റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിക്കുകയുണ്ടായി. അതിൻപ്രകാരം പരിസ്ഥിതി വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് അനുബന്ധം I ആയി ചേർത്തിരിക്കുന്നു.

4. സമിതി (1996-1998)-യുടെ ആറാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ജലവിഭവം, തദ്ദേശസ്വയംഭരണം, ആരോഗ്യകുടുംബക്ഷേമം, പരിസ്ഥിതി, ശാസ്ത്രസാങ്കേതിക, പൊതുമരാമത്ത് എന്നീ വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതിയുടെ വിവിധ യോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. ഇതുസംബന്ധിച്ച വിശദാംശം ഈ റിപ്പോർട്ടിന്റെ രണ്ടാം അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

# സമിതി (1996-1998)-യുടെ ആറാമത് റിപ്പോർട്ടിലെ ശിപാർശകൾ അവയിന്മേൽ സർക്കാരിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ മറുപടികളും അധികവിവരങ്ങളും സംബന്ധിച്ച വിശദാംശം

### ശിപാർശ 1

ആലപ്പുഴയിലും കുട്ടനാട്ടിലും നിരന്തരമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന ജപ്പാൻജ്വരം, ഡങ്കിപ്പനി, എലിപ്പനി എന്നിവയുടെ മൂലകാരണം മലിനജലം ഉപയോഗിക്കുന്നതാണ്. ഈ ഗുരുതരമായ സാഹചര്യം കണക്കിലെടുത്ത് ആലപ്പുഴ, കുട്ടനാട് പ്രദേശങ്ങളിൽ അച്ചൻകോവിൽ, പമ്പ എന്നീ നദികളിലെ ജലം സംഭരിച്ച് ശുദ്ധീകരിച്ച് വിതരണം നടത്തുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ നടപടി കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

### ജലവിഭവ (ജലവിതരണ-സി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 30459/സി1/02/ജ.വി.വ. തീയതി 30-11-2002)

ആലപ്പുഴ ജില്ലയിൽ ശുദ്ധജലവിതരണം നടത്തുന്നതിനുവേണ്ടി ഹഡ്കോ ധനസഹായത്തോടെ ഒരു ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കി വരികയാണ്. ഇതിനുള്ള സ്രോതസ്സ് പമ്പയാറ്റിൽ നിർമ്മിക്കുന്ന കിണറാണ്. ടി കിണറ്റിൽ നിന്നും പമ്പ് ചെയ്തെടുക്കുന്ന ജലം ശുദ്ധീകരിച്ച് ആലപ്പുഴയിൽ എത്തിക്കുന്നതിനുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുവാനുള്ള ജോലിയുടെ ടെണ്ടർ ക്ഷണിച്ചുകഴിഞ്ഞിട്ടുണ്ട്. ഈ പദ്ധതി പൂർത്തിയാകുന്നതോടെ ആലപ്പുഴയിലെ ശുദ്ധജലക്ഷാമം പരിഹരിക്കപ്പെടുന്നതാണ്.

കുട്ടനാട്ടിൽ ശുദ്ധജലം എത്തിക്കുന്നതിനുവേണ്ടി അച്ചൻകോവിലാറ്റിൽ നിരേറ്റുപുറത്ത് ഒരു കിണർ നിർമ്മിക്കുന്നതിനും കുട്ടനാട് ശുദ്ധജലവിതരണ പദ്ധതി വിപുലീകരിക്കുന്നതിനും വേണ്ടി പി.എം.ജി.വൈ.-ൽ പുതിയൊരു പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ജോലികൾ ആരംഭിച്ചുകഴിഞ്ഞു.

പ്രസ്തുത റിപ്പോർട്ട് സമിതിയുടെ 8-1-2003-ലെ സമിതിയോഗം പരിഗണിക്കുകയും താഴെപ്പറയുന്ന അധികവിവരം ആരായുകയുംചെയ്തു:

### സമിതി ആരാഞ്ഞ അധികവിവരം

കുട്ടനാട്ടിലെ ശുദ്ധജലക്ഷാമം പരിഹരിക്കാൻ അച്ചൻകോവിൽ, പമ്പ എന്നീ നദികളിലെ ജലം സംഭരിച്ച് ശുദ്ധീകരിച്ച് വിതരണം നടത്തുന്നതിന് നടപടി

കൈക്കൊള്ളണമെന്ന സമിതി ശിപാർശയിന്മേൽ അച്ചൻകോവിലാറ്റിൽ നീരേറ്റുപുറത്ത് ഒരു കിണർ നിർമ്മിച്ച് കുട്ടനാട് ശുദ്ധജലവിതരണ പദ്ധതി വിപുലീകരിക്കുന്നതിന് അംഗീകാരം നല്കിയിട്ടുണ്ട് എന്ന് കാണുന്നു. ഇതിൽ നീരേറ്റുപുറം അച്ചൻകോവിലാറിലാണോ അതോ പമ്പയാറിലാണോ എന്നുള്ളത് പരിശോധിച്ച് അടിയന്തരമായി റിപ്പോർട്ട് നല്കുവാൻ ജലവിഭവ വകുപ്പിനോട് ആവശ്യപ്പെടാൻ നിർദ്ദേശിച്ചു.

<u>അധികവിവരത്തിനുള്ള മറുപടി</u>

**ജലവിഭവ (ജലവിതരണ-സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 16391/സി1/03/ജ.വി.വ. തീയതി 15-11-2003)

കുട്ടനാട് പ്രദേശത്തെ 18 ഗ്രാമങ്ങൾക്കായി 1977-ൽ ഭാഗികമായി കുട്ടനാട് ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി ആരംഭിച്ചു. ഇതിന്റെ സ്രോതസ്സ് മണിമലയാറ്റിൽ തിരുവല്ലാ പട്ടണത്തിന്റെ കിഴക്കേ അതിർത്തിയിൽ കറ്റോട്ട് എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്നു. പ്രാരംഭകാലങ്ങളിൽ വിവിധ ഗ്രാമങ്ങളിൽകൂടി കടന്നുപോകുന്ന പ്രധാന പൈപ്പ് ലൈനിൽ കൂടി വിതരണം നടത്തികൊണ്ടിരുന്നു. വിവിധ ഗ്രാമങ്ങളിലേക്കുള്ള ജലവിതരണ ശൃംഖലയും സ്ഥാപിച്ച് ജലം ഭാഗികമായി നൽകിക്കൊണ്ടിരുന്നു. ഏകദേശം 18 വർഷത്തോളം ഈ നില തുടർന്നുവന്നുവെങ്കിലും ചില വിപുലീകരണം പലപല ഗ്രാമങ്ങളിൽ ഭാഗികമായി നടപ്പിലാക്കി.

കുട്ടനാട് പ്രദേശത്തെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി 613.50 ലക്ഷം രൂപയുടെ ഒരു പദ്ധതി കേന്ദ്രഗവൺമെന്റ് ടെക്നോളജി മിഷൻ പ്രോഗ്രാമിൽ സമർപ്പിച്ച് അനുമതി ലഭിക്കുകയുണ്ടായി. ഈ വിപുലീകരണ പദ്ധതിയിൽ പ്രധാനമായും 11 ദശലക്ഷം ശേഷിയുള്ള ഒരു ശുദ്ധീകരണശാല, കറ്റോട്ടുള്ള സ്രോതസ്സിന്റെ വിപുലീകരണമായി ഉയർന്നശേഷിയുള്ള പമ്പ് സെറ്റുകൾ സ്ഥാപിക്കുക, കുട്ടനാട് പ്രദേശങ്ങളിൽ സ്ഥാപിക്കേണ്ടതായ ജലസംഭരണികൾ നിർമ്മിക്കുക, ഭാഗികമായി വിവിധ ഗ്രാമങ്ങളിലേക്ക് സ്ഥാപിച്ചിരുന്ന പ്രധാന പൈപ്പ് ലൈനുകൾ പൂർത്തീകരിക്കുക എന്നീ ഇനങ്ങൾ മാത്രമേ ഉൾപ്പെടുത്തിയിരുന്നുള്ളൂ. എന്നാൽ ജലസംഭരണികളുടെ ഫൗണ്ടേഷന്റെ ചെലവ്, ശുദ്ധീകരണശാലയുടെ ചെലവ് എന്നിവ കൂടിയതിനാൽ വിപുലീകരണ പദ്ധതിയിൽ വിഭാവന ചെയ്തിരുന്ന പണികൾ പൂർത്തീകരിക്കുവാൻ സാദ്ധ്യമായില്ല. ഈ പദ്ധതിയുടെ പണികൾ നടന്നുകൊണ്ടിരുന്ന അവസരത്തിൽ കുട്ടനാട് പ്രദേശത്തെ മുഴുവൻ ഗ്രാമങ്ങളിലും ജലം എത്തിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്ന് മേലധികാരികളുടെ ശ്രദ്ധയിൽപ്പെട്ടതുമൂലം 613.50 ലക്ഷത്തിന്റെ പദ്ധതിയുടെ ഒരു റിവൈസ്ഡ് എസ്റ്റിമേറ്റ് നൽകണമെന്ന് തീരുമാനിക്കുകയും അതുമൂലം 1450 ലക്ഷം തുകയുടെ എസ്റ്റിമേറ്റ് ഗവൺമെന്റിന് സമർപ്പിച്ച് അംഗീകാരത്തിനായി

കേന്ദ്രഗവൺമെന്റിലേക്ക് സമർപ്പിക്കുകയുണ്ടായി. എന്നാൽ അതിന് അംഗീകാരം ലഭിക്കുകയുണ്ടായില്ല. 613.50 ലക്ഷത്തിന്റെ പദ്ധതിയിൽക്കൂടി സ്രോതസ്സിന്റെ വിപുലീകരണം, ശുദ്ധീകരണശാലയുടെ വിപുലീകരണം, വിവിധ ഗ്രാമങ്ങളിലേക്കുള്ള ജലസംഭരണശാലയുടെ ഫൗണ്ടേഷൻ പണികൾ, വിവിധ ഗ്രാമങ്ങളിലേക്കുള്ള പ്രധാന പൈപ്പ് ലൈനുകൾ എന്നിവ പൂർത്തീകരിച്ച് 2000-മാണ്ട് ഫെബ്രുവരി മാസത്തിൽ 'ടെക്നോളജി മിഷൻ' പദ്ധതി കമ്മീഷൻ ചെയ്യുകയുണ്ടായി.

ഈ പദ്ധതിയിൽ ബാക്കിയുണ്ടായിരുന്ന 45 ലക്ഷം തുക കൊണ്ട് പണി പൂർത്തീകരിക്കുവാൻ സാധിക്കുന്ന ഒരു ജലസംഭരണികൂടി ഉൾപ്പെടുത്തിയതിനാൽ പള്ളിക്കൂട്ടുമ്മ എന്ന സ്ഥലത്ത് 7 ലക്ഷം ലിറ്റർ ഉപരിതല സംഭരണിയുടെ പണികൾ ഇപ്പോൾ പുരോഗമിച്ചുവരുന്നു. ഈ ജലസംഭരണിയുടെ പൂർത്തീകരണത്തോടുകൂടി ചമ്പക്കുളം-പുളിങ്കുന്ന് പ്രദേശങ്ങളിൽ ജലസംഭരണിയിൽ നിന്നും ജലവിതരണം സാദ്ധ്യമാകും.

'ടെക്നോളജി മിഷൻ' പദ്ധതി കൂടി പൂർത്തീകരിക്കുവാൻ സാധിക്കാതെ വന്ന കുട്ടനാട് പദ്ധതി 'പി.എം.ജി.വൈ'.-യിൽ ഉൾപ്പെടുത്തി കുട്ടനാട് വിപുലീകരണ പദ്ധതി രണ്ടാംഘട്ടം ആയി നീരേറ്റുപുറം എന്ന സ്ഥലത്ത് പമ്പാനദിയുടെ കരയ്ക്കായി 18 ദശലക്ഷം ശേഷിയുള്ള ശുദ്ധീകരണശാല വിഭാവന ചെയ്ത് പൂർത്തീകരിക്കേണ്ട ജലസംഭരണികളുടെ പണികൾ തീർത്ത് കുട്ടനാട്ടിലെ കുടിവെള്ള ദൗർലഭ്യം പരിഹരിക്കുന്നതിനായി അനുമതി നല്കിയെങ്കിലും സാങ്കേതിക കാരണങ്ങളാൽ പണികൾ ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. ഈ പദ്ധതിക്കുവേണ്ടി സ്ഥലം ലഭ്യമാകുന്നതിന്റെ അവസാനഘട്ടത്തിൽ എത്തിയിരിക്കുന്നു. 2003-ാമാണ്ടിലെ എസ്എൻഎസ്സി മീറ്റിംഗിൽ 'എ.ആർ.പി.' പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതിക്കായി സമർപ്പിച്ചിരിക്കുന്നു.

പി.എം.ജി.വൈ.യിൽ ഉൾപ്പെടുത്തിയിരുന്ന തലവടി, മുട്ടാർ, രാമങ്കരി പഞ്ചായത്തുകളിൽ സ്ഥാപിക്കുവാനുള്ള ഉപരിതല സംഭരണികളുടെ ടെൻഡർ ക്ഷണിച്ച് വർക്ക് അവാർഡ് ചെയ്യുന്നതിനായി നടപടികൾ കൈക്കൊണ്ടുവരുന്നു.

പ്രസ്തുത റിപ്പോർട്ട് 13-10-2005-ലെ സമിതിയോഗം പരിഗണിക്കുകയും താഴെപ്പറയുന്ന അധികവിവരം ആരായുകയും ചെയ്തു:

<u>സമിതി വീണ്ടും ആരാഞ്ഞ അധികവിവരം</u>

കുട്ടനാടൻ പ്രദേശത്തെ മുഴുവൻ ഗ്രാമങ്ങളിലും ശുദ്ധജലം എത്തിക്കുന്നതിന് 14 കോടി രൂപയുടെ പദ്ധതി അംഗീകാരത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ട് അംഗീകാരം ലഭിക്കാത്തതിന് കാരണമെന്താണെന്നും പ്രസ്തുത പദ്ധതി പ്രായോഗികമായി നടപ്പാക്കിയിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞു.

<u>സമിതി വീണ്ടും ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി</u>

**ജലവിഭവ (ജലവിതരണ-സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 21312/സി1/09/ജ.വി.വ. തീയതി 1-8-2012)

കുട്ടനാട് പ്രദേശത്തിനുവേണ്ടി 480 കോടി രൂപ അടങ്കൽ തുകയുള്ള കുടിവെള്ള-മാലിന്യസംസ്കരണ പദ്ധതി കേന്ദ്ര സർക്കാരിനു സമർപ്പിച്ചിരുന്നു. എന്നാൽ ഈ പദ്ധതി കുടിവെള്ള വിതരണത്തിനു മാത്രമായി പരിമിതപ്പെടുത്തി വീണ്ടും സമർപ്പിക്കുവാൻ കേന്ദ്രസർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് 280 കോടി രൂപ അടങ്കൽ തുകയുള്ള പരിഷ്കരിച്ച പദ്ധതി അംഗീകാരത്തിനായി 11-6-2012-ന് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട് എന്ന വിവരം അറിയിച്ചുകൊള്ളുന്നു.

പ്രസ്തുത റിപ്പോർട്ട് സമിതിയുടെ 28-2-2013-ലെ യോഗം പരിഗണിക്കുകയും ചുവടെപ്പറയും പ്രകാരം അധികവിവരം ആരായുകയും ചെയ്തു:

<u>സമിതി ആരാഞ്ഞ അധികവിവരം</u>

കുട്ടനാട് പ്രദേശത്തെ മുഴുവൻ ഗ്രാമങ്ങളിലും ശുദ്ധജലം എത്തിക്കുന്നതിന് 14 കോടി രൂപയുടെ പദ്ധതി അംഗീകാരത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ട് അംഗീകാരം ലഭിക്കാത്തതിന് കാരണം എന്താണെന്നും പ്രസ്തുത പദ്ധതി പ്രായോഗികമായി നടപ്പാക്കിയിട്ടുണ്ടോ എന്നും സമിതി ആരാഞ്ഞു. കുട്ടനാട് പ്രദേശത്തിനുവേണ്ടി 480 കോടി രൂപ അടങ്കൽ തുകയുള്ള കുടിവെള്ള-മാലിന്യ സംസ്കരണ പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നുവെന്നും എന്നാൽ ഈ പദ്ധതി കുടിവെള്ള വിതരണത്തിനുമാത്രമായി പരിമിതപ്പെടുത്തി വീണ്ടും സമർപ്പിക്കുവാൻ കേന്ദ്രസർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് 280 കോടി രൂപ അടങ്കൽ തുകയുള്ള പരിഷ്കരിച്ച പദ്ധതി അംഗീകാരത്തിനായി 11-6-2012-ന് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട് എന്നും സമിതിയെ അറിയിച്ചപ്പോൾ പ്രസ്തുത പദ്ധതി സംബന്ധിച്ച് ഇത്തരത്തിലുള്ള വൈരുദ്ധ്യം എങ്ങനെ സംഭവിച്ചു എന്നും ഇത്തരത്തിലുള്ള വൈരുദ്ധ്യങ്ങളുടെ കാരണമെന്താണെന്നുള്ള വിവരം ആരായുകയും ചെയ്തു.

<u>സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി</u>

**ജലവിഭവ (ജലവിതരണ-സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 22104/സി1/13/ജ.വി.വ. തീയതി 19-12-2014)

കുട്ടനാട് പ്രദേശത്തെ കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിക്കുകയും കേന്ദ്രസഹായത്തിന് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ അവ

പ്രായോഗികമല്ലാത്തതിനാൽ നടപ്പിലായില്ല. അതുകൊണ്ടാണ് വിവിധ സമയങ്ങളിൽ വിവിധ പദ്ധതികൾ പരാമർശിക്കുന്ന റിപ്പോർട്ടുകൾ സമിതിക്ക് സമർപ്പിക്കുവാനിടയായത്. 2006-2007 സാമ്പത്തിക വർഷത്തിൽ കുട്ടനാട് പ്രദേശത്തിനുവേണ്ടി കേന്ദ്ര സർക്കാരിന്റെ ടെക്നോളജി മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ള ഗുണനിലവാര പ്രശ്നങ്ങളുള്ള പ്രദേശങ്ങൾക്കായി 498 ലക്ഷം രൂപ അടങ്കൽ തുകയുള്ള ഒരു പദ്ധതിക്ക് 75% കേന്ദ്ര സഹായവും 25% സംസ്ഥാന വിഹിതവും എന്ന നിലയിൽ കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കുകയുണ്ടായി. ഈ പദ്ധതി 2014 മാർച്ചിൽ ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. ഇത് പ്രകാരം 14 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാലയുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ ശുദ്ധജല പമ്പിംഗ് മെയിനും വിതരണ ശൃംഖലയും ഫണ്ടിന്റെ അപര്യാപ്തത നിമിത്തം സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല. തുടർന്ന് കേന്ദ്ര സർക്കാരിന് സമർപ്പിച്ച പരിഷ്കരിച്ച പദ്ധതിക്ക് ജിക്ക ഫണ്ടിംഗ് ഏജൻസിയിൽ നിന്നും അംഗീകാരം ലഭിക്കാത്ത സാഹചര്യത്തിൽ കുട്ടനാട് പ്രദേശത്തെ കുടിവെള്ളപ്രശ്നപരിഹാരങ്ങൾക്കായി 70 കോടി രൂപയുടെ ഒരു പദ്ധതി 13-ാം ധനകാര്യ കമ്മീഷൻ ധനസഹായത്തിനായി സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ പമ്പിംഗ് മെയിനിന്റെ വിതരണ ശൃംഖല, ശുദ്ധജല സംഭരണികൾ, നിലവിലുള്ള പഴകിയ പൈപ്പുകൾ മാറ്റിസ്ഥാപിക്കൽ മുതലായവ നടപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിന്റെ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.

(പ്രസ്തുത മറുപടി 14-1-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 2

ആലപ്പുഴ പട്ടണത്തിൽ ശാസ്ത്രീയമായ ഡ്രെയിനേജ് സംവിധാനം ഇല്ലാത്തതിനാൽ മാലിന്യങ്ങൾ ഓടകളിലേക്കും കനാലിലേക്കും കായലിലേക്കും ഒഴുക്കിവിടുകയാണ്. ഇത് വളരെ ഗുരുതരമായ പരിസ്ഥിതിപ്രശ്നം സൃഷ്ടിക്കുന്നതിനാൽ ഒരു ശാസ്ത്രീയമായ ഡ്രെയിനേജ് സംവിധാനം നടപ്പിലാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

**ജലവിഭവ (ജലവിതരണ-സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 30459/സി1/02/ജ.വി.വ. തീയതി 30-1-2002)

ആലപ്പുഴ പട്ടണത്തിലെ ഡ്രെയിനേജ് സംവിധാനം നടപ്പിലാക്കാനുള്ള പദ്ധതിയുടെ പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ടിന്റെ കരട് രൂപം തയ്യാറാക്കിയിട്ടുണ്ട്. അടങ്കൽ തുക 140 കോടി രൂപയാണ് ഇതിനുവേണ്ടി പ്രീ- ക്വാളിഫിക്കേഷൻ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

പ്രസ്തുത മറുപടി 8-1-2003-ലെ സമിതിയോഗം പരിഗണിക്കുകയും ചുവടെപ്പറയും പ്രകാരം അധികവിവരം ആരായുകയും ചെയ്തു:

<u>സമിതി ആരാഞ്ഞ അധികവിവരം</u>

ആലപ്പുഴ പട്ടണത്തിൽ ശാസ്ത്രീയമായ ഡ്രെയിനേജ് സംവിധാനം നടപ്പിലാക്കാൻ നടപടി സ്വീകരിക്കണമെന്ന സമിതിയുടെ ശിപാർശയിന്മേൽ പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രീ-ക്വാളിഫിക്കേഷൻ ടെണ്ടർ ക്ഷണിച്ചിട്ടുണ്ടെന്ന് സൂചിപ്പിച്ചിട്ടുള്ളതിന്റെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച വിവരം ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

<u>സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി</u>

**ജലവിഭവ (ജലവിതരണ-സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 16391/സി1/03/ജ.വി.വ. തീയതി 15-11-2003)

ആലപ്പുഴ പട്ടണത്തിലെ ഡ്രെയിനേജ് സംവിധാനം നടപ്പിലാക്കാനുള്ള പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതിനായി ഇതിൽ മുൻപരിചയമുള്ളവരെ കണ്ടെത്തുന്നതിന് മുൻകൂർ യോഗ്യതാ ടെണ്ടർ ക്ഷണിച്ചിരുന്നു. എന്നാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുക കണ്ടെത്തിയിട്ടില്ലാത്തതിനാൽ തുടർ നടപടികൾ നിർത്തിവെച്ചിരിക്കുന്നു.

അധികവിവരത്തിനുള്ള മറുപടി 13-10-2005-ലെ സമിതിയോഗം അംഗീകരിച്ചു.

<u>ശിപാർശ 3</u>

ആലപ്പുഴ പട്ടണത്തിലെ ഖരമാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള ആധുനിക സംവിധാനം ഇപ്പോഴില്ല. മൽസ്യ-മാംസ മാർക്കറ്റുകൾ, ഹോട്ടലുകൾ, കല്യാണ മണ്ഡപങ്ങൾ, ആശുപത്രികൾ, അറവുശാലകൾ, മറ്റു വാണിജ്യ സ്ഥാപനങ്ങൾ, വീടുകൾ എന്നിവയിൽ നിന്നും പ്രതിദിനം ശരാശരി 150 മുതൽ 200 ടൺ വരെ ഖരമാലിന്യങ്ങളാണ് ഉണ്ടാകുന്നത്. ഈ ഖരമാലിന്യങ്ങൾ കനാലുകളിലും ഓടകളിലുമാണ് നിക്ഷേപിക്കുന്നത്. ഗുരുതരമായ പരിസ്ഥിതിപ്രശ്നം സൃഷ്ടിക്കുന്നതിനാൽ ഈ ഖരമാലിന്യങ്ങൾ ആധുനിക രീതിയിൽ സംസ്കരിച്ച് ജൈവവളമാക്കുന്നതിന് എക്സൽ ഇൻഡസ്ട്രീസ് വികസിപ്പിച്ചെടുത്ത സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ടുള്ള പദ്ധതി ആലപ്പുഴയിൽ സത്വരമായി നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

**തദ്ദേശസ്വയംഭരണ (ജി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 2669/ജി3/98/തസ്വഭവ. തീയതി 18-12-2001)

ആലപ്പുഴ നഗരസഭയിൽ ഖരമാലിന്യങ്ങൾ ആധുനിക രീതിയിൽ സംസ്കരിച്ച് ജൈവവളമാക്കുന്നതിന് എക്സൽ ഇൻഡസ്ട്രീസ് വികസിപ്പിച്ചെടുത്ത സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ടുള്ള പദ്ധതികൾ ഒന്നും നടപ്പിലാക്കിയിട്ടില്ല. സാമ്പത്തിക പരാധീനത നിലനിൽക്കുന്നതിനാൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നതായി നഗരസഭ അറിയിച്ചിരിക്കുന്നു.

പ്രസ്തുത മറുപടി 8-1-2003-ലെ സമിതിയോഗം പരിഗണിക്കുകയും ചുവടെപ്പറയുന്ന അധികവിവരം ആരായുകയും ചെയ്തു:

<u>സമിതി ആരാഞ്ഞ അധികവിവരം</u>

ആലപ്പുഴ നഗരത്തിലെ ഖരമാലിന്യം സംസ്കരിക്കുന്നതിനുള്ള പദ്ധതിയുടെയും മുനിസിപ്പൽ അതിർത്തിയിലുള്ള ആശുപത്രികളിൽ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടിയുടെയും സോഷ്യോ ഇക്കണോമിക് ഫൗണ്ടേഷൻ യൂണിറ്റിന്റെ മേൽനോട്ടത്തിലുള്ള ജൈവവള നിർമ്മാണപ്രവർത്തനത്തെയും സംബന്ധിച്ചുള്ള ഇപ്പോഴത്തെ സ്ഥിതി സമിതിക്ക് ലഭ്യമാക്കുക.

<u>സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി</u>

**തദ്ദേശസ്വയംഭരണ (ജി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 27638/ജി3/03/തസ്വഭവ. തീയതി 20-2-2007)

ആലപ്പുഴ നഗരാതിർത്തിക്കുള്ളിൽ ഏകദേശം 7.5 കി.മീ. നീളം വരുന്ന കാനകൾ (വിവിധ കാനകൾ ചേർത്ത്) ശാസ്ത്രീയമായി നിർമ്മിക്കുന്നതിന് രണ്ടുപ്രാവശ്യം ടെണ്ടർ ക്ഷണിച്ചെങ്കിലും നിലവിലുള്ള പി.ഡബ്ല്യു.ഡി. നിരക്കിൽ പണി ചെയ്യുവാനും കോൺട്രാക്റ്റ് എടുക്കുന്നതിനും കരാറുകാർ വിസമ്മതിക്കുന്നു. നിരക്ക് കൂട്ടിനൽകുന്നതിന് നഗരസഭയ്ക്ക് കഴിയുന്നില്ല. ചിക്കൻഗുനിയ പോലുള്ള പകർച്ചപ്പനി പ്രതിരോധിക്കുന്നതിന്റെ ഭാഗമായി പി.ഡബ്ല്യു.ഡി., എൻ.എച്ച്, ഇറിഗേഷൻ, വാട്ടർ അതോറിറ്റി എന്നീ വകുപ്പുകളുമായി സഹകരിച്ച് നിലവിലുള്ള കാനകളുടെ ശുചീകരണവും അറ്റകുറ്റപ്പണികളും നടത്തിവരുന്നു. കനാലുകളിൽ വിവിധ പ്രദേശങ്ങളിൽ കെട്ടിക്കിടക്കുന്ന പോളകൾ വാരുന്ന പ്രവർത്തനവും നടന്നുവരുന്നു. കനാൽ സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി കനാൽ തീരങ്ങളിലും മറ്റും മാലിന്യങ്ങൾ നിക്ഷേപിക്കുന്ന പ്രവൃത്തി പൊതുജനങ്ങൾ ഒഴിവാക്കുന്നതിന് കർശന നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുസ്ഥലങ്ങളിലും കനാലുകളിലും മാലിന്യം

അലക്ഷ്യമായി നിക്ഷേപിക്കുന്നത് കണ്ടെത്തി പിഴ ഈടാക്കുന്നതിന് നഗരസഭാ ഹെൽത്ത് സ്ക്വാഡുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. പ്ലാൻ ഫണ്ടിൽപ്പെടുത്തിയുള്ള കാന നിർമ്മാണവും ശുചീകരണവും അംഗീകരിച്ച് നടപ്പിൽ വരുത്തുന്നതാണ്. കാനകളിൽ ഒഴുക്ക് ഉണ്ടാക്കുന്നതിന് ഗള്ളി സക്കർ ഉപയോഗിച്ച് ജലം പമ്പ് ചെയ്യുന്നു.

ഏകദേശം 60 ടൺ മാലിന്യമാണ് പ്രതിദിനം ആലപ്പുഴ നഗരാതിർത്തിയിൽ ഉണ്ടാകുന്നത്. ഇത് അതത് ദിവസം തന്നെ നീക്കം ചെയ്യുന്നതിലേക്കായി നഗരസഭാ വാഹനങ്ങളായ ടിപ്പർ ലോറികളും ഡമ്പർ പ്ലേസറുകളും ഉപയോഗിക്കുന്നു. നഗരസഭാ വാഹനങ്ങൾ റിപ്പയറിംഗിലോ മറ്റോ ആയി ഉപയോഗപ്രദമല്ലാതിരിക്കുമ്പോൾ വാടക വാഹനം ലഭ്യമാക്കി ചപ്പുചവറുകൾ യഥാസമയം നീക്കം ചെയ്യുന്നുണ്ട്. ഇടവഴികളിലെ ചവറുകൾ നീക്കം ചെയ്യുവാൻ പെട്ടി ഓട്ടോകൾ ഉപയോഗിച്ചുവരുന്നു. ഖരമാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനായി 5.35 കോടി രൂപ മുടക്കുള്ള ആധുനിക ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ നിർമ്മാണപ്രവർത്തനം ആരംഭിച്ചു. പ്ലാന്റിന്റെ പൂർണ്ണവിജയത്തിന് സമാന്തര പ്രവർത്തനങ്ങളും നടന്നുവരുന്നു. ഉദ്യോഗസ്ഥർ, വ്യാപാരി വ്യവസായ പ്രതിനിധികൾ, സ്കൂൾ കോളേജ് വിദ്യാർത്ഥികൾ, അയൽക്കൂട്ടം എന്നിവർക്കായി ബോധവൽക്കരണ ക്ലാസ്സുകളും ശില്പശാലയും നടത്തി. 50 വാർഡുകളിലെയും മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കാൻ ടാസ്ക് ഫോഴ്സുകൾ രൂപീകരിച്ചു. മാലിന്യം തരംതിരിച്ച് ശേഖരിക്കുന്നതിനുവേണ്ട പരിശീലനം നൽകി നഗരത്തിൽ പ്ലാസ്റ്റിക് നിരോധനം ഏർപ്പെടുത്തി. പേപ്പർ ക്യാരി ബാഗുകൾ വാണിജ്യാടിസ്ഥാനത്തിൽ നിർമ്മാണം നടത്തുന്നതിന് കുടുംബശ്രീയുമായി ബന്ധപ്പെട്ട് പുതിയ സംരംഭം ആരംഭിക്കുന്നതിന് തീരുമാനിച്ചു. മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് എസ്കവേറ്റർ വാങ്ങി ഉപയോഗിച്ചുവരുന്നു. ഏകദേശം 5 മാസങ്ങൾക്കുള്ളിൽ ആധുനിക ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിക്കാനാകും എന്ന് പ്രതീക്ഷിക്കുന്നു. ആശുപത്രികൾ ബയോമെഡിക്കൽ വേസ്റ്റ് ഐ.എം.എ.യുടെ സഹായത്തോടെ പാലക്കാട്ടുള്ള പ്ലാന്റിൽ കൊണ്ടുപോയി നിർമ്മാർജ്ജനം ചെയ്തുവരുന്നു. വാർഡുതലത്തിൽ മണ്ണിര കമ്പോസ്റ്റ് നിർമ്മാണവും നടന്നുവരുന്നു. വീടുകളിൽ നിന്നും കടകളിൽ നിന്നും ഖരമാലിന്യം ശേഖരിക്കുന്നതിന് കുടുംബശ്രീ യൂണിറ്റുകളുടെയും റസിഡൻസ് അസോസിയേഷനുകളുടെയും സേവനം പ്രയോജനപ്പെടുത്തുന്നു.

സി.ഡി.എസ്സിൽ നിന്നും അർഹരായവർക്ക് കക്കൂസ് നൽകിവരുന്നുണ്ട്. കക്കൂസിൽ നിന്നുള്ള മാലിന്യങ്ങൾ കനാലുകളിൽ ഒഴുക്കിവിടുന്നത് കർശനമായി തടയുന്നുണ്ട്.

നഗരാതിർത്തിക്കുള്ളിൽ വിവിധ സ്ഥലങ്ങളിൽ ചവർ നിക്ഷേപത്തിന് മാലിന്യ കുറ്റികൾ സ്ഥാപിച്ചിട്ടുണ്ട്. മാലിന്യനിക്ഷേപത്തിന് ഡമ്പർ കണ്ടെയ്നറുകളും സ്ഥാപിച്ചിട്ടുണ്ട്. ടിപ്പറുകൾ, പെട്ടി ഓട്ടോകൾ, ട്രാക്ടർ, എസ്കവേറ്റർ എന്നിവ ഉപയോഗിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു.

കനാൽ നവീകരണത്തിന്റെ ഭാഗമായുള്ള ശുചീകരണവും മോടികൂട്ടൽ പ്രവർത്തനവും രണ്ടുഘട്ടങ്ങളായി നടന്നുവരുന്നു. കടലിൽനിന്ന് ഉപ്പുവെള്ളം കയറ്റിവിട്ട് കനാലിൽ കൃത്രിമ നീരൊഴുക്ക് ഉണ്ടാക്കുന്നതിനും ശ്രമങ്ങൾ നടന്നുവരുന്നു. വിവിധ വാർഡുകളിൽ സോഷ്യോ ഇക്കണോമിക് ഫൗണ്ടേഷന്റെ സഹായത്തോടെ മണ്ണിര ഉപയോഗിച്ച് ജൈവവളം ഉണ്ടാക്കുന്ന പ്രവർത്തനവും നടന്നുവരുന്നു. വാർഡുതല ബോധവൽക്കരണ ക്ലാസ്സുകളും ശില്പശാലകളും നഗരസഭ നടത്തിയിട്ടുണ്ട്.

(ഈ മറുപടി 24-9-2008-ലെ സമിതി യോഗം അംഗീകരിച്ചു.)

## ശിപാർശ 4

കക്കൂസുകളിൽ നിന്നുള്ള മാലന്യങ്ങൾ കനാലുകളിലേക്കും കായലുകളിലേക്കും ഒഴുക്കിവിടുന്നത് കർശനമായി നിരോധിക്കേണ്ടതും ഇതിനെതിരെ വ്യാപകമായ നിലയിൽ ബോധവൽക്കരണം നടത്തേണ്ടതും ആലപ്പുഴയിലും കുട്ടനാട്ടിലും സെപ്റ്റിക് ടാങ്ക് കക്കൂസുകൾ നിർമ്മിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതും ദരിദ്രജനവിഭാഗങ്ങൾക്ക് ഇതിനാവശ്യമായ സാമ്പത്തിക സഹായം നൽകേണ്ടതുമാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ശിപാർശ 5

മാർക്കറ്റുകൾ, കച്ചവടസ്ഥാപനങ്ങൾ, ഹോട്ടലുകൾ, ആശുപത്രികൾ, കല്യാണ മണ്ഡപങ്ങൾ, അറവുശാലകൾ എന്നിവയിൽ നിന്നുള്ള മാലിന്യങ്ങൾ പിറ്റുകളിൽ സംഭരിക്കുന്നതിനും അത് അതത് ദിവസംതന്നെ ശേഖരിച്ച് സംസ്കരണ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിന് ആവശ്യമായ വാഹന സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ശിപാർശ 6

ആലപ്പുഴയുടെ തിലകക്കുറിയായിട്ടുള്ള കായലുകളിലും കനാലുകളിലും മാലിന്യം നിക്ഷേപിക്കുന്നത് കർശനമായി തടയുകയും ഇത് ലംഘിക്കുന്നവരിൽനിന്നും പിഴ ഈടാക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണെന്ന് സമിതി നിർദ്ദേശിക്കുന്നു.

## ശിപാർശ 7

ഹൗസ്ബോട്ടുകളിൽ നിന്നുള്ള വിസർജ്ജ്യവസ്തുക്കൾ കായലിൽ നിക്ഷേപിക്കുന്നത് ശിക്ഷാർഹമാക്കേണ്ടതും അത് ടാങ്കുകളിൽ ശേഖരിച്ച് സംസ്കരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതുമാണ് എന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

## തദ്ദേശസ്വയംഭരണ (ജി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 2669/ജി3/98/തസ്വഭവ. തീയതി 18-12-2001)

സ്വീവേജ് നിർമ്മാർജ്ജന സംവിധാനം ഇല്ലാത്ത ഈ നഗരസഭാ പ്രദേശത്ത് താമസിക്കുന്നവരും സാനിട്ടറി കക്കൂസുകൾ ഇല്ലാത്തതുമായ കുടുംബങ്ങൾക്ക് സാനിട്ടറി മാതൃകയിലുള്ള (യു.എൻ.ഡി.പി.) ഇരട്ടക്കുഴി കക്കൂസുകൾ സബ്സിഡി അടിസ്ഥാനത്തിൽ നിർമ്മിച്ച് നൽകുവാനുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കൂടാതെ പൊതുജനാരോഗ്യ ജനകീയാസൂത്രണ പദ്ധതികളുൾപ്പെടുത്തി പൊതുകക്കൂസുകളുടേയും നിർമ്മാണ പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്.

തോടുകളിലേക്കോ, കായലുകളിലേക്കോ മലിനജലം ഒഴുക്കുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

ഈ നഗരസഭയിലെ ശുചീകരണ തൊഴിലാളികളുടെ കുറവ്, ശുചീകരണ വാഹനങ്ങളുടെ കുറവ്, ശുചീകരണ ഉപകരണങ്ങളുടെ കുറവ് ഇവ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ആലപ്പുഴ നഗരസഭയിലെ ജനകീയാസൂത്രണ പദ്ധതി പ്രവർത്തനത്തോടനുബന്ധിച്ച് ഖരമാലിന്യ സംസ്കരണ പദ്ധതി ഇപ്പോൾ നിർമ്മാണഘട്ടത്തിലാണ്.

ജനകീയാസൂത്രണത്തിൽപ്പെടുത്തി കൊതുകുനിർമ്മാർജ്ജന പദ്ധതി പ്രവർത്തനങ്ങൾ ഈ നഗരസഭയിൽ നടന്നുവരുന്നു.

ആലപ്പുഴ പട്ടണത്തിലെ ഹോട്ടലുകൾ, വ്യാപാര വ്യവസായ സ്ഥാപനങ്ങൾ എന്നിവകളിൽ നിന്നും ഉള്ള മാലിന്യങ്ങൾ അതതു ദിവസംതന്നെ വൃത്തിയാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങളും ബോധവല്ക്കരണവും സഹായങ്ങളും നൽകിയിട്ടുണ്ട്. ഈ നഗരസഭയിലെ എല്ലാ വാർഡുകളിലും ശുചീകരണ പ്രവർത്തനം നടത്തുവാൻ ആവശ്യമായ തൊഴിലാളികളെ സ്ഥിരം സംവിധാനമായി ഏർപ്പെടുത്തിയിട്ടുണ്ട്.

ആലപ്പുഴ നഗരസഭയ്ക്ക് ഖരമാലിന്യ സംസ്കരണത്തിനു ആവശ്യമായ സ്ഥലം സ്വന്തമായിട്ടുള്ളതും ടി സ്ഥലത്ത് ഇപ്പോഴത്തെ ഖരമാലിന്യ സംസ്കരണ പരിപാടികൾ നടന്നുവരികയും ചെയ്യുന്നു.

മുനിസിപ്പൽ അതിർത്തിയിലുള്ള ആശുപത്രികളിൽ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്.

നഗരസഭയുടെ വകയായുള്ള ട്രെച്ചിംഗ് ഗ്രൗണ്ടിൽ മണ്ണിരകളെ ഉപയോഗിച്ച് ജൈവവളം ഉണ്ടാക്കുന്ന പ്രവർത്തനം സോഷ്യോ ഇക്കണോമിക് ഫൗണ്ടേഷൻ യൂണിറ്റിന്റെ മേൽനോട്ടത്തിൽ നടത്തിയിട്ടുണ്ട്. ഈ പ്രവർത്തനം പട്ടണങ്ങളിലെ വിവിധ സ്ഥലങ്ങളിലും തുടങ്ങിക്കഴിഞ്ഞു. ഇതിന് ആവശ്യമായ പ്രചരണവും മാലിന്യ സംസ്കരണത്തെയും ജൈവവള നിർമ്മാണത്തെയുംകുറിച്ചുള്ള ബോധവൽക്കരണ ക്യാമ്പുകളും വാർഡുതലത്തിലും മുനിസിപ്പൽ തലത്തിലും നടത്തിയിട്ടുണ്ട്.

നഗരസഭയുടെ കീഴിൽവരുന്ന പ്രൈമറി സ്കൂളുകളിലും ഹൈസ്കൂളുകളിലും പരിസര ശുചീകരണത്തെയും വ്യക്തി ശുചീകരണത്തെയും സംബന്ധിച്ചുള്ള ബോധവൽക്കരണം നടത്തിയിട്ടുണ്ട്.

(ഈ മറുപടി 8-1-2003-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 8</u>

വ്യവസായശാലകൾ, അറവുശാലകൾ, സർവ്വീസ് സ്റ്റേഷനുകൾ എന്നിവയിൽ നിന്നുള്ള മലിനജലം ശുദ്ധീകരിച്ചതിനുശേഷം കായലിലേക്കും കനാലിലേക്കും ഒഴുക്കിവിടാനുള്ള സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 39494/ജി3/98/ആകുവ. തീയതി 5-5-1999)

വ്യവസായങ്ങൾ, അറവുശാലകൾ, സർവ്വീസ് സ്റ്റേഷനുകൾ എന്നിവയിൽ നിന്നുള്ള മലിനജലം ശുദ്ധീകരിച്ചതിനുശേഷം കായലിലേക്കും കനാലിലേക്കും ഒഴുക്കിവിടാനുള്ള സംവിധാനമേർപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിച്ചിട്ടുണ്ട്. ജലമലിനീകരണം തടയാൻ ജല (മലിനീകരണ നിവാരണ നിയന്ത്രണ) നിയമം 1974 മുതൽ ബോർഡ് നടപ്പാക്കി വരുന്നു. അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തത കാരണം മലിനീകരണ സാദ്ധ്യത കൂടുതലായ വ്യവസായശാലകൾ നിമിത്തമുള്ള മലിനീകരണം നിയന്ത്രിക്കാനാണ് ബോർഡ് പ്രാധാന്യം നൽകിവരുന്നത്. ഇത്തരം വ്യവസായശാലകളുടെ ജലമലിനീകരണ സാദ്ധ്യത വിലയിരുത്താനും ആവശ്യമായ പാഴ്ജല സംഭരണ സംസ്കരണ പുനരുപയോഗ നിർമ്മാർജ്ജന സംവിധാനങ്ങൾ ഏർപ്പെടുത്താനും പ്രസ്തുത സംവിധാനങ്ങളുടെ പ്രവർത്തന ക്ഷമത പരിശോധിക്കാനും ജലാശയങ്ങളിലും ജലമാർഗ്ഗങ്ങളിലും മലിനീകരണത്തിന്റെ അളവ് നിർണ്ണയിക്കാനുമാണ് ബോർഡ് ഊന്നൽ നൽകിയിരുന്നത്. ആശുപത്രികൾ, അറവുശാലകൾ, ഓട്ടോമൊബൈൽ വർക്ക്ഷോപ്പുകൾ, ഗാർഹിക ഉറവിടങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള മലിനീകരണ പ്രശ്നങ്ങൾക്ക് മതിയായ ശ്രദ്ധ നൽകുവാൻ ബോർഡിന് സാധിച്ചിരുന്നില്ല. ഇവമൂലം മലിനീകരണമുണ്ടാകുന്നതായി പരാതി ലഭിക്കുമ്പോൾ അന്വേഷിച്ച് വേണ്ട നടപടി സ്വീകരിക്കുക മാത്രമാണ് ചെയ്യുന്നത്.

ബോർഡിന്റെ ഒരു ജില്ലാതല ഓഫീസ് ആലപ്പുഴയിൽ 1997-98 വർഷം ആരംഭിക്കുവാൻ സാധിച്ചതോടെ ആലപ്പുഴയിലെ മലിനീകരണ പ്രശ്നങ്ങൾ നിയന്ത്രിക്കുന്നതിന് കൂടുതൽ ശ്രദ്ധ നൽകാൻ ബോർഡിന് സാധിച്ചു. ആലപ്പുഴയിലെ കയർ യൂണിറ്റുകൾ, പീലിംഗ് ഷെഡ്ഡുകൾ, മെഡിക്കൽ കോളേജ് ആശുപത്രി എന്നിവയിൽ നിന്നുള്ള മലിനീകരണം നിയന്ത്രിക്കാൻ ബോർഡ് ഇപ്പോൾ കൂടുതൽ ശ്രദ്ധ നൽകി വരുന്നു.

പ്രസ്തുത മറുപടി 8-1-2003-ലെ സമിതിയോഗം പരിഗണിക്കുകയും ചുവടെപ്പറയും പ്രകാരം അധികവിവരം ആരായുകയും ചെയ്തു:

<u>സമിതി ആരാഞ്ഞ അധികവിവരം</u>

വ്യവസായശാലകൾ, അറവുശാലകൾ, സർവ്വീസ് സ്റ്റേഷനുകൾ എന്നിവയിൽ നിന്നുള്ള മലിനജലം ശുദ്ധീകരിച്ചതിനുശേഷം കായലുകളിലേക്കും കനാലുകളിലേക്കും ഒഴിക്കിവിടാനുള്ള സംവിധാനം ഏർപ്പെടുത്തണമെന്നുള്ള സമിതിയുടെ ശിപാർശയിൻമേൽ നടപടി സ്വീകരിച്ചുവരുകയാണ് എന്നാണ് ആരോഗ്യകുടുംബക്ഷേമ വകുപ്പ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. 1997-98 വർഷത്തിൽ ആലപ്പുഴ ജില്ലയിൽ ബോർഡിന്റെ ജില്ലാതല ഓഫീസ് സ്ഥാപിച്ചതോടെ മലിനീകരണം തടയുന്നതിന് എത്രമാത്രം പുരോഗതി കൈവരിക്കാൻ കഴിഞ്ഞു എന്ന വിവരം ലഭ്യമാക്കാൻ സമിതി ആവശ്യപ്പെട്ടു.

<u>സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി</u>

**പരിസ്ഥിതി (എ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 3169/എ 3/11/തസ്വഭവ. തീയതി 4-5-2013)

**1. മത്സ്യസംസ്കരണ ശാലകളിൽ നിന്നുള്ള മലിനീകരണം**

അരൂർ-ചന്തിരൂർ മേഖലയിലെ പീലിംഗ് ഷെഡ്ഡുകളിൽ നിന്നുള്ള പാഴ്ജലം സംസ്കരിക്കുന്നതിന് ഒരു പൊതു മലിനജല സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി ജില്ലാ കളക്ടർ ചെയർമാനും ജില്ലാ പഞ്ചായത്ത് സെക്രട്ടറി ട്രഷററും മലിനീകരണനിയന്ത്രണ ബോർഡിന്റെ ആലപ്പുഴ ജില്ലാ എൻവയോൺമെന്റൽ എഞ്ചിനീയർ കൺവീനറും ആയുള്ള അക്സപ്റ്റ് (ACCEPT) സൊസൈറ്റി രൂപീകരിച്ചിട്ടുള്ളതാണ്. ചന്തിരൂർ പുത്തൻതോടിന്റെ കരയിൽ സംസ്കരണ പ്ലാന്റ് (CETP) സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ കൈക്കൊണ്ടുവെങ്കിലും കാര്യമായ പുരോഗതി ഉണ്ടായില്ല. പ്ലാന്റ് സ്ഥാപിക്കുന്നതിന് കൺസൾട്ടന്റായി കിറ്റ്കോയെ തെരഞ്ഞെടുത്തിട്ടുണ്ട്. 12 കോടി രൂപയാണ് പദ്ധതിയുടെ മൊത്തം ചെലവായി പ്രതീക്ഷിക്കുന്നത്. ആയതിനാൽ 6 കോടി രൂപ കേന്ദ്ര വിഹിതമായി ASIDE പദ്ധതി പ്രകാരം KINFRA മുഖാന്തിരം അനുവദിച്ചിട്ടുണ്ട്. ബാക്കി തുക

സംസ്ഥാന സർക്കാരിന്റെ ഗ്രാന്റായോ ലോൺ മുഖേനയോ മറ്റോ ലഭ്യമാക്കുന്നമുറയ്ക്ക് മാത്രമേ ടി തുക സൊസൈറ്റിക്ക് ലഭ്യമാക്കുവാനും തുടർനടപടികൾ സ്വീകരിക്കുവാനും സാധിക്കുകയുള്ളൂ. കിറ്റ്കോ മുമ്പ് തയ്യാറാക്കിയ പദ്ധതി പുനഃപരിശോധിച്ച് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## 2. കയർ വ്യവസായം

നിലവിൽ തൊണ്ട് ചീയിക്കുന്നതിലൂടെ ചകിരി ഉല്പാദനം ആലപ്പുഴ ജില്ലയിൽ നടക്കുന്നില്ല. പകരം തമിഴ്നാട്ടിൽ നിന്നുവരുന്ന കെട്ടുചകിരി ടാങ്കുകളിലും ചിലയിടങ്ങളിൽ തോട്ടിലും കായലിലും നേരിട്ടും നിക്ഷേപിച്ച് ഒരു ദിവസത്തിനുശേഷം എടുത്ത് താറ്റുമില്ലിലൂടെ മാലിന്യങ്ങൾ നീക്കി വൃത്തിയാക്കുന്ന പ്രവൃത്തിയാണ് നടക്കുന്നത്. തൊണ്ടഴുക്കുന്നത്രയും ഇല്ലെങ്കിൽ തന്നെയും പ്രസ്തുത പ്രവർത്തനവും ജലാശയങ്ങളെ മലിനമാക്കുന്നതായി ബോർഡ് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളിൽ രാസസംസ്കരണവും ഫിൽട്ടറേഷനും അടക്കമുള്ള മലിനീകരണ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും ബോർഡിന്റെ അനുമതിയില്ലാതെ പ്രവർത്തിക്കുന്ന മില്ലുകൾ മലിനജല സംസ്കരണം സംബന്ധിച്ച സമയബന്ധിത പ്രൊപ്പോസൽ സഹിതം അനുമതി അപേക്ഷ സമർപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ ജല, വായു മലിനീകരണം ഉണ്ടാക്കുന്ന ചകിരി ഉൽപ്പാദനം, താറ്റുമില്ലുകൾ, സ്റ്റെൻസിലിംഗ്, ഡൈയിംഗ്, ബ്ലീച്ചിംഗ് യൂണിറ്റുകൾ മുതലായവ ചെറുകിട മേഖലയിലാണ് അധികവും പ്രവർത്തിക്കുന്നത്. ടി സ്ഥാപനങ്ങൾ ഭൂരിഭാഗവും ബോർഡിന്റെ അനുമതി കൂടാതെയും ആവശ്യമായ മലിനീകരണനിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്താതെയും ആണ് പ്രവർത്തിക്കുന്നത്. ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് മാലിന്യ സംസ്കരണത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിലേക്കായി ആലപ്പുഴയിലെ ചെറുകിട കയർ യൂണിറ്റ് പ്രതിനിധികളെയും കയർമേഖലയിലെ വിദഗ്ദ്ധരെയും പങ്കെടുപ്പിച്ച് 16-11-2012-ൽ ബോർഡ് ഒരു അർദ്ധദിന ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുകയുണ്ടായി.

കയർ മേഖലയിലെ ഫാക്ടറികളിൽ (ചെറികിട യൂണിറ്റുകൾ ഒഴികെയുള്ളവ) ആവശ്യമായ പാഴ്ജല ട്രീറ്റ്മെന്റ്, വായു മലിനീകരണനിയന്ത്രണ സംവിധാനങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ കൃത്യമായ പരിശോധനയും ബോർഡ് നടത്തിവരുന്നുണ്ട്.

## 3. വിനോദസഞ്ചാരവും അനുബന്ധ മലിനീകരണ പ്രശ്നങ്ങളും

ആലപ്പുഴ ജില്ലയിൽ നിലവിൽ ആയിരത്തിലേറെ ഹൗസ്ബോട്ടുകൾ സർവ്വീസ് നടത്തുന്നുണ്ട്. കരയിൽ സ്വീവേജ് സംസ്കരണ സംവിധാനം ഒരുക്കിയവർക്ക് മാത്രമേ

ബോർഡ് അനുമതി നൽകിയിട്ടുള്ളു. കുട്ടനാട് താലൂക്കിൽ നീലംപേരൂർ ഗ്രാമപഞ്ചായത്ത് കന്നമ്മ വില്ലേജിൽ ആൾ കേരള ഹൗസ്ബോട്ട് ഓണേഴ്സ് അസോസിയേഷന്റെ 180 KLD ശേഷിയുള്ള ഒരു പൊതു സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പണി പൂർത്തിയായിവരുന്നു. ഇതു കൂടാതെ കേരള ഹൗസ്ബോട്ട് ഓണേഴ്സ് അസോസിയേഷൻ വക ഒരു പൊതു സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ സ്ഥാപനാനുമതിക്കായി ബോർഡിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്ലാന്റുകൾ നിലവിൽ വരുന്നത് ഹൗസ്ബോട്ടുകളിൽ നിന്നുള്ള സ്വീവേജ് മാലിന്യങ്ങൾ കായലിൽ ചേരുന്നതു തടയാൻ സഹായിക്കും. ജലാശയങ്ങളിൽ ഓയിൽമൂലം മലിനീകരണം തടയുന്നതിന് ഇൻബോർഡ് എഞ്ചിൻ/ഫോർ സ്ട്രോക്ക് എഞ്ചിൻ ഉള്ള ഹൗസ്ബോട്ടുകൾക്ക് മാത്രമാണ് ബോർഡ് അനുമതി നൽകുന്നത്. ബോർഡിന്റെ അനുമതി ഉള്ള ഹൗസ്ബോട്ടുകൾക്ക് മാത്രമേ ലൈസൻസ് നൽകാവൂയെന്ന് പോർട്ട് ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. ഹൗസ്ബോട്ടുകളുടെ പ്രവർത്തനംമൂലം ഉള്ള കായൽ മലിനീകരണത്തിന്റെ തോത് സംബന്ധിച്ച് 2012-13 പ്ലാൻ സ്കീം പദ്ധതി പ്രകാരം ബോർഡ് പഠനം നടത്തിവരികയാണ്. റിസോർട്ടുകളിലും ഹോംസ്റ്റേകളിലും സംവിധാനമില്ല. ബോർഡിന്റെ അനുമതിയോടുകൂടി പ്രവർത്തിക്കുന്ന റിസോർട്ടുകളിലും ഹോട്ടലുകളിലും ആവശ്യമായ സ്വീവേജ് സംസ്കരണ സംവിധാനം, ബയോഗ്യാസ് പ്ലാന്റ്/കമ്പോസ്റ്റിംഗ് എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്.

### 4. കക്കാ വ്യവസായം

ബോർഡിന്റെ അനുമതിയുള്ള ചൂളകൾ അടച്ച് കെട്ടിയ കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. ടി ചൂളകളിൽ 30 മീറ്റർ ഉയരമുള്ളതും ഇൻഡ്യൂസ്ഡ് ഡ്രാഫ്റ്റ് സംവിധാനത്തോടു കൂടിയതുമായ ചിമ്മിനി ഏർപ്പെടുത്തിയിട്ടുണ്ട്. ബോർഡിന്റെ അനുമതി കൂടാതെ പ്രവർത്തിക്കുന്ന ചൂളകൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

### 5. ആലപ്പുഴ മെഡിക്കൽ കോളേജ്

ആലപ്പുഴ മെഡിക്കൽ കോളേജിലെ സ്വീവേജ് സംസ്കരണ പ്ലാന്റിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. പ്രസ്തുത പ്ലാന്റ് നിലവിൽ വന്നുകഴിഞ്ഞാൽ മെഡിക്കൽ കോളേജിൽ നിന്നുള്ള ഇപ്പോഴത്തെ മലിനീകരണ പ്രശ്നങ്ങൾക്ക് പരിഹാരമാകും.

അധികവിവരത്തിന്മേൽ പരിസ്ഥിതി വകുപ്പിൽ നിന്നും ലഭിച്ച മറുപടി 14-5-2014-ലെ സമിതിയോഗം അംഗീകരിച്ചു.

<u>ശിപാർശ 9</u>

പട്ടണത്തിലെ കനാലുകളുടെ ആഴംകൂട്ടി അതിന്റെ വശങ്ങൾ ഭിത്തികെട്ടി ബലപ്പെടുത്തി അത് സൗന്ദര്യവൽക്കരിക്കുന്നതിനും കടലും കായലും ബന്ധപ്പെടുത്തി കൃത്രിമ നീരൊഴുക്കുണ്ടാക്കി കാലാകാലങ്ങളിൽ അഴുക്കുജലം നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള ആധുനിക സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

**തദ്ദേശസ്വയംഭരണ (ജി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 27638/ജി3/03/തസ്വഭവ. തീയതി 20-2-2007)

കനാൽ നവീകരണത്തിന്റെ ഭാഗമായുള്ള കനാൽ ശുചീകരണവും മോടികൂട്ടൽ പ്രവർത്തനവും രണ്ടു ഘട്ടങ്ങളിലായി നടന്നുവരുന്നു. കടലിൽനിന്ന് ഉപ്പുവെള്ളം കയറ്റിവിട്ട് കനാലിൽ കൃത്രിമ നീരൊഴുക്ക് ഉണ്ടാക്കുന്നതിനും ശ്രമങ്ങൾ നടന്നുവരുന്നു. വിവിധ വാർഡുകളിൽ സോഷ്യോ ഇക്കണോമിക് ഫൗണ്ടേഷന്റെ സഹായത്തോടെ മണ്ണിര ഉപയോഗിച്ച് ജൈവവളം ഉണ്ടാക്കുന്ന പ്രവർത്തനവും നടന്നുവരുന്നു. വാർഡുതല ബോധവൽക്കരണ ക്ലാസ്സുകളും ശിൽപ്പശാലകളും നഗരസഭ നടത്തിയിട്ടുണ്ട്.

(ഈ മറുപടി 24-9-2008-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 10</u>

ഭൂമിനികത്തലും അശാസ്ത്രീയമായ നിർമ്മാണ പ്രവർത്തനങ്ങളും കുട്ടനാടിന്റെ പരിസ്ഥിതിയേയും സന്തുലിതാവസ്ഥയേയും പ്രതികൂലമായി ബാധിക്കുന്നതിനാൽ അത്തരം പ്രവർത്തനങ്ങൾ താൽക്കാലികമായി നിരോധിക്കണമെന്നും ഇതിനെ സംബന്ധിച്ച് നീരി (നാഷണൽ എൻവയോൺമെന്റൽ എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ട്) യെ കൊണ്ട് ശാസ്ത്രീയമായ പഠനം നടത്തി ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഭാവിപ്രവർത്തനങ്ങൾ നടത്താവൂ എന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

**ശാസ്ത്രസാങ്കേതിക പരിസ്ഥിതി വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 2856/ബി3/13/സ്റ്റെഡ്. തീയതി 8-12-2003)

കേന്ദ്ര ഗവൺമെന്റിന്റെ പരിസ്ഥിതി വനം വകുപ്പിന്റെ ധനസഹായത്തോടെ വാഹകശേഷി അടിസ്ഥാനമാക്കി വിശാല കൊച്ചി പ്രദേശത്തിന്റെ വികസനാസൂത്രണം എന്ന പേരിൽ ബൃഹത്തും വിപുലവുമായ ഒരു പഠനം നടന്നിട്ടുണ്ട്. ഈ പഠനത്തിന്റെ പങ്കാളികളായി കേന്ദ്രത്തിന്റേയും സംസ്ഥാനത്തിന്റേയും 8 സ്ഥാപനങ്ങൾ ഉണ്ട്. അവ താഴെപ്പറയുന്നവയാണ്:

(1) നീരി (National Environment Engineering Institute)

(2) സെസ്സ് (Centre for Earth Science Studies)

(3) സി.ഡബ്ല്യൂ.ആർ.ഡി.എം. (Centre for Water Resources Development and Management)

(4) കുസാറ്റ് (Cochin University of Science and Technology)

(5) കെ.എഫ്.ആർ.ഐ. (Kerala Forest Research Institute)

(6) കെ.എസ്സ്.എസ്സ്.പി. (Kerala Sasthra Sahithya Parishath)

(7) കെ.എസ്സ്.പി.സി.ബി. (Kerala State Pollution Control Board)

(8) എൻ.ഐ.ഒ. (National Institute of Oceanography)

അച്ചൻകോവിൽ, പമ്പ ഉൾപ്പെടെ ഏഴ് നദീതടങ്ങൾ ഈ സമഗ്ര പഠനത്തിൽപ്പെടുന്നു. ഭൂമി, വായു, ജലം, മനുഷ്യൻ ഉൾപ്പെടെയുള്ള ജൈവ വസ്തുക്കൾ എന്നീ വിഭവങ്ങളുടെ സമഗ്രവും സമ്പൂർണ്ണവുമായ വിശകലനം, സാധ്യത, അവയുടെ ചൂഷണവും പരിസ്ഥിതി പ്രശ്നങ്ങളും ആലപ്പുഴ, കുട്ടനാട് ഉൾപ്പെടെയുള്ള പ്രാദേശിക പ്രശ്നങ്ങളുടെ സമഗ്ര പഠനവും പരിഹാര മാർഗ്ഗവും ഇപ്പോഴത്തെ വികസന പ്രക്രിയയുടെ അവലോകനം, ഭാവിയിൽ നടപ്പാക്കാൻ ഇപ്പോൾ രൂപകൽപ്പന ചെയ്ത് തയ്യാറാക്കിയിട്ടുള്ള വികസന രേഖകളുടെ അവലോകനം ബദൽ വികസനരേഖകൾ തുടങ്ങി അനേകം കാര്യങ്ങൾ ഈ പഠന പരിധിയിൽപ്പെട്ടിട്ടുണ്ട്.

ശിപാർശ 11

കുട്ടനാടിന്റെ പരിസ്ഥിതിക്ക് യോജിച്ച തരത്തിൽ നെൽകൃഷിയും മത്സ്യകൃഷിയും നടത്തുന്നതിന് തണ്ണീർമുക്കം ബണ്ടിന്റെ പ്രവർത്തനം എങ്ങനെ ക്രമീകരിക്കണം എന്നതിനെ സംബന്ധിച്ച് ശാസ്ത്രസാങ്കേതിക വിദഗ്ദ്ധൻമാരെക്കൊണ്ട് പഠനം നടത്തുകയും അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അടിയന്തര നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

**ശാസ്ത്രസാങ്കേതിക പരിസ്ഥിതി വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 2856/ബി3/13/സ്റ്റെഡ്. തീയതി 8-12-2003)

കുട്ടനാടൻ പ്രദേശങ്ങളെക്കൂടി ഉൾപ്പെടുത്തി കേരളത്തിലെ ചാലക്കുടിയാർ മുതൽ അച്ചൻകോവിലാർ വരെയുള്ള നദീതട പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന വിശാല കൊച്ചി പ്രദേശത്തിന്റെ വാഹകശേഷി പഠനം നീരി (നാഷണൽ എൻവയോൺമെന്റൽ ഇൻസ്റ്റിറ്റ്യൂട്ട്)യുടെ നേതൃത്വത്തിൽ കേരളത്തിലെ സെസ്സ്, സി.ഡബ്ല്യൂ.ആർ.ഡി.എം., കെ.എഫ്.ആർ.ഐ., കൊച്ചി സർവ്വകലാശാല, കെ.എസ്സ്.എസ്സ്.പി., എൻ.ഐ.ഒ. എന്നീ സ്ഥാപനങ്ങൾ നടത്തിയിട്ടുണ്ട്. കൂടാതെ കുട്ടനാടൻ പ്രദേശത്തിന്റെ പ്രകൃതി വിഭവ

പരിസ്ഥിതി പ്രശ്നങ്ങളെ സംബന്ധിച്ച് നിരവധി പഠനങ്ങൾ (കുട്ടനാട് വാട്ടർ ബാലൻസ് പഠനം ഉൾപ്പെടെ) ഇതിനകം നടത്തിയിട്ടുണ്ട്. ആയതിനാൽ ഇതുവരെ കുട്ടനാടൻ പരിസ്ഥിതിയുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പഠനങ്ങളുടെ നിഗമനങ്ങൾ സംയോജിപ്പിച്ച്, കുട്ടനാടിന്റെ പരിസ്ഥിതിക്ക് യോജിച്ച തരത്തിൽ നെൽകൃഷിയും മത്സ്യകൃഷിയും നടത്തുന്നതിന് തണ്ണീർമുക്കം ബണ്ടിന്റെ പ്രവർത്തനം എങ്ങനെ ക്രമീകരിക്കാം എന്നതിനെ സംബന്ധിച്ച് ഒരു ശാസ്ത്രസാങ്കേതിക വിദഗ്ദ്ധ അഭിപ്രായം ക്രോഡീകരിക്കാവുന്നതാണെന്നും ഇതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ പഠനങ്ങൾ വേണമോ എന്ന് തീരുമാനിക്കാം എന്ന നിർദ്ദേശവും ജലസേചന വകുപ്പുമായി കൂടിയാലോചിക്കുകയുണ്ടായി.

തണ്ണീർമുക്കം ബണ്ടിന്റെ പ്രവർത്തനം നിയന്ത്രിക്കുന്നത് ബന്ധപ്പെട്ട എം.എൽ.എ.യും കാർഷിക മേഖലയിലെയും മത്സ്യബന്ധന മേഖലയിലെയും പ്രതിനിധികളും ഉൾപ്പെട്ട കമ്മിറ്റി എടുക്കുന്ന തീരുമാനം അനുസരിച്ചാണ്. കഴിഞ്ഞ 24 വർഷമായി നിലവിലുള്ളതാണ് ഈ നടപടിക്രമം. വളരെ കാലമായി നിലനിൽക്കുന്ന ഈ നടപടി ക്രമത്തിൽ പെട്ടെന്ന് ഒരു മാറ്റം വരുത്തുന്നത് ഉചിതമായിരിക്കുകയില്ലായെന്നാണ് ജലസേചന വകുപ്പിന്റെ അഭിപ്രായം. എന്നാൽ ഇതിനൊരു മാറ്റം വിശദമായ ഒരു പഠനം നടത്തിയശേഷം മാത്രമേ വരുത്തുവാൻ പാടുള്ളൂ എന്നും ജലസേചന വകുപ്പ് അറിയിച്ചിരിക്കുന്നു.

ശിപാർശ 10, 11 എന്നിവയിന്മേൽ ശാസ്ത്രസാങ്കേതിക പരിസ്ഥിതി വകുപ്പ് ലഭ്യമാക്കിയ മറുപടി 13-10-2005-ലെ സമിതിയോഗം പരിഗണിക്കുകയും ആലപ്പുഴ ജില്ലയിലെ പാരിസ്ഥിതിക പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് നടത്തിയ പഠന റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു. അതിൻപ്രകാരം പരിസ്ഥിതി വകുപ്പ് 29-9-2009-ലെ 696/എ 3/08/പരി. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ പഠന റിപ്പോർട്ട് 30-11-2010-ലെ സമിതിയോഗം അംഗീകരിച്ചു. പ്രസ്തുത പഠന റിപ്പോർട്ട് അനുബന്ധം ആയി ചേർത്തിരിക്കുന്നു.

## ശിപാർശ 12

കുട്ടനാടിനെ വെള്ളപ്പൊക്കത്തിൽ നിന്നും രക്ഷിക്കുന്നതിന് തോട്ടപ്പള്ളി ലീഡിംഗ് ചാനലിന്റെ ആഴവും വീതിയും കൂട്ടുന്നതിനും സ്പിൽവേയുടെ ഷട്ടറുകൾ യഥാസമയത്ത് അറ്റകുറ്റപ്പണികൾ നടത്തുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

**ശാസ്ത്രസാങ്കേതിക പരിസ്ഥിതി (ബി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 370/ബി 1/98/സ്റ്റെഡ്. തീയതി 8-6-1998)

ചേർത്തല ആലപ്പുഴ തീരദേശങ്ങളിൽ കുടിവെള്ളം പ്രധാനമായും കുഴൽകിണറുകൾ വഴിയാണ് ലഭ്യമാക്കുന്നത്. ഈ കുഴൽകിണറുകളിലെ ജലത്തിന്റെ ഗുണനിലവാരം കോഴിക്കോട്ടെ സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ് വിശദമായി പഠിച്ചിട്ടുണ്ട്. നെതർലാന്റ്സ് ഗവൺമെന്റിന്റെ സഹായത്തോടെ കുട്ടനാട് പ്രദേശത്തെ ജലസന്തുലിതാവസ്ഥാ പഠനത്തിൽ തിരുവനന്തപുരം ഭൗമശാസ്ത്ര പഠന കേന്ദ്രം (സെസ്സ്) കാര്യമായ പങ്കുവഹിച്ചിട്ടുണ്ട്. കൂടാതെ ഈ പ്രദേശങ്ങളിലെ കക്കൂസുകളിൽ നിന്നുള്ള മലിനജലം എത്രമാത്രം കുഴൽജലത്തെ ബാധിക്കുന്നുണ്ട് എന്ന ഒരു പഠനം സെസ്സ് ഏറ്റെടുത്ത് നടത്താൻ പോകുന്നുണ്ട്. സെസ്സിൽ ഇപ്പോൾ നടത്തുന്ന carrying capacity of Greater Kochi Region എസ്.എൻ.ഇ.ഇ.ആർ.ഐ. പ്രോജക്ടിൽ ആലപ്പുഴ ജില്ലയിലെ നഗരങ്ങളിലെ Waste disposal sites-നെ കുറിച്ച് വിശദമായിത്തന്നെ പഠനങ്ങൾ നടത്തുന്നുണ്ട്. കൂടാതെ വേമ്പനാട്ടുകായലിലെ Physico-chemical and Logical data (plants only) വിശദമായിത്തന്നെ സെസ്സിൽ ലഭ്യമാണ്. തണ്ണീർമുക്കം ബണ്ടും തോട്ടപ്പള്ളി സ്പിൽവേയും നിർമ്മിച്ചതുമൂലമുണ്ടായിട്ടുള്ള പരിസ്ഥിതി പ്രശ്നങ്ങൾ അപഗ്രഥിക്കുവാൻ ഈ വിവരങ്ങളും അത്യാവശ്യമാണ്.

മറുപടി 8-1-2003-ലെ സമിതിയോഗം അംഗീകരിച്ചു.

<u>ശിപാർശ 13</u>

കുട്ടനാട് സംയോജിത ജലവിഭവ നിയന്ത്രണ പദ്ധതി നെതർലാന്റ് ഗവൺമെന്റിന്റെ സഹായത്തോടെ നടപ്പിലാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

**ജലവിഭവ (ജി.ഡബ്ല്യൂ.സി.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 6621/ജി.ഡബ്ല്യൂ3/97/ജലവിഭവ. തീയതി 24-2-1998)

നെതർലാന്റ് ഗവൺമെന്റിന്റെ സാമ്പത്തിക റിസോഴ്സ് മാനേജ്മെന്റ് പ്രോജക്ട് രൂപീകരിക്കുന്നത് സംബന്ധിച്ച ഗ്രാന്റ് ഉടമ്പടിക്കുള്ള സർക്കാരിന്റെ അംഗീകാരം കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചുകഴിഞ്ഞു. നെതർലാന്റ് ഗവൺമെന്റിൽ നിന്നും മറുപടി പ്രതീക്ഷിക്കുകയാണ്.

**ജലവിഭവ (ജലവിതരണ-സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 5183/സി1/98/ഇറി.വ. തീയതി 13-10-1998)

കുട്ടനാട് സംയോജിത ജലവിഭവ നിയന്ത്രണ പദ്ധതിയുടെ ഒരു ഡ്രാഫ്റ്റ് റിപ്പോർട്ട് ഡിസംബർ 1989-ൽ നെതർലാന്റ് ഗവൺമെന്റിലെ BKH Consulting Engineers, Bongaerts, Kuyper and Huiswar തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതി ഇറിഗേഷൻ, അഗ്രികൾച്ചർ, ഫിഷറീസ്, കെ.എസ്.ഇ.ബി., കേരളാ വാട്ടർ അതോറിറ്റി, കെ.പി.സി.ബി. എന്നീ വിവിധ വകുപ്പുകൾ സംയോജിപ്പിച്ച് നടപ്പിലാക്കുന്ന വിധത്തിലാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

ടി മറുപടികൾ 8-1-2000-ലെ സമിതിയോഗം അംഗീകരിച്ചു.

<u>ശിപാർശ 14</u>

ഒരു പൈതൃക നഗരമെന്ന നിലയിൽ ആലപ്പുഴ പട്ടണത്തെ സംരക്ഷിക്കുന്നതിന് പട്ടണത്തിലെ പാലങ്ങളും കടൽപ്പാലവും പുതുക്കി പണിയണമെന്നും അനന്തമായ ടൂറിസം വികസന സാദ്ധ്യതകൾ കണക്കിലെടുത്ത് ലോകബാങ്കിന്റേയോ മറ്റ് സാമ്പത്തിക ഏജൻസികളുടേയോ സഹായത്തോടെ ആലപ്പുഴ പട്ടണത്തിന്റെ സമഗ്രമായ വികസനത്തിന് ഒരു പദ്ധതി തയ്യാറാക്കി നടപ്പാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

**പൊതുമരാമത്ത് (ജി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 25805/ജി1/03/പൊമ.വ. തീയതി 17-1-2004)

ആലപ്പുഴ ജില്ലയിലെ പ്രധാന റോഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്നത് പതിനാറ് പാലങ്ങളാണ്. ഇവയിലെ പ്രധാന പാലങ്ങളായ വൈ.എം.സി.എ. പാലവും കണ്ണൻ വർക്കി പാലവും ഒരു പൈതൃക നഗരമെന്ന നിലയിൽ ആലപ്പുഴ നഗരത്തിന് അനുയോജ്യമായ നിലയിലാണ് പണി നടത്തിയിട്ടുള്ളത്. മുറിഞ്ഞപ്പുഴ പാലം പുതുക്കിപ്പണിയുന്നതിനുള്ള ടെൻഡർ വിളിച്ചുകഴിഞ്ഞു. ജില്ലാ കോടതി പാലം വീതികൂട്ടുന്നതിനും വഴിച്ചേരി മട്ടാഞ്ചേരി പാലം, മുപ്പാലം, കൊത്തുവാൾ ചാവടിപ്പാലം എന്നിവ പുതുക്കി പണിയുന്നതിനുവേണ്ടിയുള്ള എസ്റ്റിമേറ്റുകൾ പരിശോധിച്ചുവരുന്നു. നാഷണൽ ഹൈവേ കടന്നുപോകുന്ന പാലങ്ങളായ ശവക്കോട്ടപ്പാലവും ഇരുമ്പുപാലവും പുതുക്കി പണിയുന്നതിനുള്ള നടപടി ഏജൻസികളുമായി ആലോചിച്ച് ചെയ്യുന്നതാണ്. നഗരത്തിൽ കൂടി കടന്നുപോകുന്ന പ്രധാന നാല് കനാൽ റോഡുകൾ വീതികൂട്ടി സംസ്ഥാന ഹൈവേ നിലവാരത്തിലെത്തിക്കുന്നതിനുള്ള നടപടിയും തകർന്നിരിക്കുന്ന ഓടകൾ നവീകരിക്കുന്നതിനുള്ള നടപടികളും പരിശോധിച്ചുവരുന്നു.

ഈ മറുപടി 13-10-2005-ലെ സമിതിയോഗം പരിഗണിക്കുകയും ചുവടെപ്പറയും പ്രകാരം അധികവിവരം ആരായുകയും ചെയ്തു:

<u>സമിതി ആരാഞ്ഞ അധികവിവരം</u>

ആലപ്പുഴ ജില്ലയിലെ പ്രധാന പാലങ്ങൾ, നഗരത്തിൽക്കൂടി കടന്നുപോകുന്ന കനാൽ, റോഡുകൾ, ഓടകൾ എന്നിവയുടെ നവീകരണം, ആലപ്പുഴ-ചേർത്തല കനാൽ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് സ്വീകരിച്ച നടപടി.

<u>സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി</u>

**പൊതുമരാമത്ത് (ജി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 2379/ജി1/06/പൊമ.വ. തീയതി 9-11-2011)

ആലപ്പുഴ ജില്ലയിലെ 16 പാലങ്ങളിൽ മട്ടാഞ്ചേരി പാലവും മുപ്പാലവും ഒഴികെയുള്ളവയുടെ പണികൾ പൂർത്തിയാക്കി ഗതാഗതത്തിന് തുറന്നുകൊടുത്തിട്ടുള്ളതാണ്. നഗരത്തിലെ ഓടകളുടെ നിർമ്മാണം എട്ട് ഭാഗങ്ങളായി തിരിച്ച് നിർമ്മാണ പ്രവൃത്തികൾ ധ്രുതഗതിയിൽ നടന്നുവരുന്നു.

അധികവിവരത്തിനുള്ള മറുപടി 28-2-2013-ലെ സമിതിയോഗം അംഗീകരിച്ചു.

സി. പി. മുഹമ്മദ്,
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2015 ഡിസംബർ 15.

97/2016.

<u>അനുബന്ധം</u>

## ആലപ്പുഴ ജില്ലയിലെ വിവിധ മലിനീകരണ പ്രശ്നങ്ങളെക്കുറിച്ച് കേരള സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിന്റെ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി തയ്യാറാക്കിയ റിപ്പോർട്ട്

## ആലപ്പുഴ ചെമ്മീൻ ഫാക്ടറികളിൽ നിന്നുള്ള മലിനീകരണം

ആലപ്പുഴ ജില്ലയിലെ അരൂർ-ചന്തിരൂർ മേഖലയിൽ 200-ൽ അധികം ചെമ്മീൻ പീലിംഗ് ഷെഡ്ഡുകളും മത്സ്യസംസ്കരണ യൂണിറ്റുകളും ഉണ്ടെന്നും ഇവയിൽ നിന്നും പ്രതിദിനം ഏകദേശം 20 ലക്ഷം ലിറ്റർ പാഴ്ജലം ഉണ്ടാകുന്നുവെന്നും പാഴ്ജലം മതിയായ ശുദ്ധീകരണമില്ലാതെ പുറത്തേക്കൊഴുക്കുന്നതിനാൽ ഇത് ജലാശയങ്ങളിൽ എത്തിച്ചേർന്ന് ജലം മലിനപ്പെടുന്നുവെന്നും സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സ്ഥാപനങ്ങളെല്ലാം ചെറുകിട/കുടിൽ വ്യവസായങ്ങളായതിനാൽ ഓരോന്നിനും പ്രത്യേകം പ്രത്യേകം പാഴ്ജല സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നത് സാമ്പത്തികമായി പ്രായോഗികമല്ലെന്നും ആയതിനാൽ ഇത്തരം പ്ലാന്റുകളിൽ നിന്നുള്ള പാഴ്ജലം ശേഖരിച്ച് ഒരുമിച്ച് സംസ്കരിക്കാൻ ഒരു പൊതുസംസ്കരണ പ്ലാന്റാണ് ഉചിതമെന്നും ഇത്തരമൊരു പ്ലാന്റ് അരൂർ മേഖലയിൽ സ്ഥാപിക്കാൻ ആലപ്പുഴ ജില്ലാ കളക്ടർ ചെയർമാനും മലിനീകരണനിയന്ത്രണ ബോർഡിന്റെ ആലപ്പുഴ ജില്ലാ ഓഫീസിലെ എൻവയോൺമെന്റൽ എഞ്ചിനീയർ കൺവീനറുമായി അരൂർ-ചന്തിരൂർ കോമൺ എഫ്ളുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് ( ACCEPT) എന്ന പേരിൽ ഒരു സൊസൈറ്റി രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഈ പൊതുപ്ലാന്റ് സ്ഥാപിക്കാനുള്ള പ്രോജക്ട് റിപ്പോർട്ട് 'കിറ്റ്കോ'യെക്കൊണ്ട് തയ്യാറാക്കിക്കുകയും ചെയ്തുവെന്നും ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സൊസൈറ്റി ചന്തിരൂർ തോടിനുസമീപം പ്ലാന്റ് സ്ഥാപിക്കാനായി 79 സെന്റ് സ്ഥലം വാങ്ങിയിട്ടുണ്ടെന്നും 200-ൽപരം സ്ഥാപനങ്ങൾ ഈ ഭാഗത്തുള്ളതിൽ 88 യൂണിറ്റുകൾ മാത്രമാണ് ഈ സൊസൈറ്റിയിൽ ചേർന്നിട്ടുള്ളതെന്നും ഉടമകളുടെ സഹകരണമില്ലായ്മ കാരണം ഈ പദ്ധതി ഇതുവരെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലെന്നും സാമ്പത്തിക ബാധ്യതയാണ് സഹകരണമില്ലായ്മയുടെ പ്രധാന കാരണമെന്നും ബോർഡ് അറിയിച്ചിട്ടുണ്ട്. ബോർഡ് വ്യവസായികളുമായി പല ഘട്ടങ്ങളിൽ ചർച്ച നടത്തിയെങ്കിലും പൂർണ്ണതോതിലുള്ള സഹകരണം ഉറപ്പാക്കാൻ ഇതുവരെയും സാധിച്ചിട്ടില്ലായെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശുദ്ധീകരണ സംവിധാനമില്ലാതെ പ്രവർത്തിക്കുന്ന മത്സ്യസംസ്കരണ സ്ഥാപനങ്ങൾ ഉടനടി അടച്ചുപൂട്ടാൻ ഹൈക്കോടതി നിർദ്ദേശം നൽകിയതിനെ തുടർന്ന് ബഹു. അരൂർ എം.എൽ.എ. ശ്രീ. എ. എം. ആരിഫ് മുൻകൈയെടുത്ത് ബന്ധപ്പെട്ടവരുടെ ഒരു യോഗം 1-7-2006-ന് വിളിച്ചുകൂട്ടുകയും ACCEPT-ന്റെ പ്ലാന്റ് ഒരു വർഷത്തിനകം സ്ഥാപിക്കാനും

അതുവരെ പീലിംഗ് ഷെഡ്ഡുകളിൽ നിന്നുള്ള പാഴ്ജലം ACCEPT ഏർപ്പെടുത്തുന്ന ടാങ്കർ ലോറികൾ മുഖേന അരൂരിൽ സീ ഫുഡ് എക്സ്പോർട്ടേഴ്സിന്റെ പൊതുശുദ്ധീകരണ സംവിധാനത്തിൽ ശുദ്ധി ചെയ്യാനും ധാരണയായിയെന്ന് ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിന്റെ വിജയത്തിനായി എല്ലാ പീലിംഗ് ഷെഡ്ഡുടമകളേയും ACCEPT-ൽ അംഗങ്ങളാക്കുന്നതിനുള്ള നടപടി എടുക്കുകയും അംഗസംഖ്യ നൂറോളം ആയി ഉയരുകയും ചെയ്തുവെന്നും ബോർഡ് അറിയിച്ചിട്ടുണ്ട്.

ബഹു. ആരോഗ്യ സാമൂഹ്യക്ഷേമ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. വ്യവസായ വകുപ്പുമന്ത്രിയുടേയും ബഹു. ഫിഷറീസ് വകുപ്പുമന്ത്രിയുടേയും ബഹു. എം.എൽ.എ. ശ്രീ. എ. എം. ആരിഫിന്റേയും സാന്നിദ്ധ്യത്തിൽ അരൂർ ചന്തിരൂർ മേഖലയിലെ മത്സ്യ സംസ്കരണ വ്യവസായത്തിലെ മലിനീകരണ പ്രശ്നങ്ങൾ സംബന്ധിച്ച് 29-12-2006-ൽ ചർച്ച നടക്കുകയുണ്ടായി. പൊതുസംസ്കരണശാല സമയബന്ധിതമായി നടപ്പിലാക്കാൻ വേണ്ടി വ്യവസായ വകുപ്പ് ഡയറക്ടർ കൺവീനറായി ഡോ. കെ. എസ്. മനോജ്, മുൻ എം.പി., ശ്രീ. എ. എം. ആരിഫ്, എം.എൽ.എ., ആലപ്പുഴ ജില്ലാ കളക്ടർ, മത്സ്യബന്ധന വകുപ്പ് ഡയറക്ടർ, സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിന്റെ പ്രതിനിധി, മറൈൻ പ്രോഡക്ട്സ് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റിയുടെ പ്രതിനിധി, സീഫുഡ് എക്സ്പോർട്ടേഴ്സ് അസ്സോസിയേഷൻ ഓഫ് ഇൻഡ്യയുടെ പ്രതിനിധി, കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രതിനിധി എന്നിവരുൾപ്പെടുന്ന ഒരു ഏകോപന സമിതി 27-3-2007-ലെയും 27-4-2007-ലെയും ഉത്തരവുകൾ പ്രകാരം രൂപീകരിച്ചുവെന്നും ഈ സമിതിയുടെ യോഗം ചേരേണ്ടതുണ്ടെന്നും ബോർഡ് അറിയിച്ചിട്ടുണ്ട്. ഇതിനിടെ കേന്ദ്ര സർക്കാരിന്റെ വാണിജ്യ വകുപ്പ് അരൂർ വ്യവസായ മേഖലയുടെ വികസനത്തിന്റെ ഭാഗമായി ഈ മേഖലയെ സെന്റർ ഓഫ് എകസലൻസ് ആയി കണക്കാക്കുകയുണ്ടായി. ടി പദ്ധതിയുടെ ഭാഗമായി ഈ മേഖലയിൽ പ്രവർത്തിക്കുന്ന 40-ഓളം വരുന്ന മത്സ്യ സംസ്കരണ കയറ്റുമതി യൂണിറ്റുകൾക്കായി ഒരു പൊതുശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി കയറ്റുമതി യൂണിറ്റുടമകളുടെ അസോസിയേഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും ഈ പദ്ധതിയുടെ നടത്തിപ്പിനായി ബഹു. ഫിഷറീസ് വകുപ്പുമന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ ആ പ്രദേശത്തുള്ള ചെറുകിട പീലിംഗ് ഷെഡ്ഡുകളെക്കൂടി ഉൾപ്പെടുത്തുന്നതിനായി ACCEPT സൊസൈറ്റിക്കുകൂടി ഓഹരി നൽകാനും തീരുമാനമായെന്നും മലിനീകരണ നിയന്ത്രണ ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ആലപ്പുഴ ജില്ലയുടെ അരൂർ ചന്തിരൂർ പ്രദേശത്തുള്ള ഏകദേശം 95-ഓളം എക്സ്പോർട്ടിംഗ് യൂണിറ്റുകളിൽ 25 എണ്ണത്തിന് മാത്രമാണ് തൃപ്തികരമായ രീതിയിൽ മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ ഉള്ളതെന്നും 4 കമ്പനികളുടെ ട്രീറ്റ്മെന്റ് പ്ലാന്റുകൾ വിവിധ നിർമ്മാണഘട്ടത്തിലാണെന്നും ബോർഡ് അറിയിച്ചിട്ടുണ്ട്.

## കയർ വ്യവസായം

ആലപ്പുഴ ജില്ലയിൽ തൊണ്ട് കായലുകളിലും കുളങ്ങളിലും ഇട്ട് ചീയിച്ച് തല്ലി ചകിരി വേർതിരിക്കുന്ന പരമ്പരാഗത കുടിൽ വ്യവസായങ്ങൾ വ്യാപകമായി ഉണ്ടായിരുന്നതിനാൽ കയറും ചകിരിയും കയർ ഉൽപ്പന്നങ്ങളുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ ധാരാളമായി പ്രവർത്തിച്ചുവരുന്നുണ്ട്. യന്ത്രവൽകൃതമായി പച്ചതൊണ്ടിൽ നിന്ന് ചകിരി വേർതിരിക്കുന്ന പ്രക്രിയ നിലവിൽ വന്നതോടുകൂടി തൊണ്ട് ചീയിക്കുന്ന രീതി കുറയുകയും ചകിരി യന്ത്രസഹായത്താൽ വേർതിരിക്കുന്ന മില്ലുകൾ നിലവിൽ വരികയും ചെയ്തു. എന്നാൽ ഇത്തരം ചകിരികളും ഉത്പന്നങ്ങളായി മാറ്റുന്നതിന് കറ കളഞ്ഞ് കയർ പിരിക്കാൻ തക്കവിധം മൃദുവാക്കാനും ഉത്പന്നങ്ങൾക്ക് ഈടും പകിട്ടും ലഭിക്കാനും വെള്ളത്തിലിട്ട് രൂപാന്തരപ്പെടുത്തുന്ന പ്രക്രിയ (retting and ginning) ചെയ്യുന്നു. പച്ച ചകിരി കേരളത്തിൽ ആവശ്യത്തിന് ലഭിക്കാത്തതിനാൽ സംസ്ഥാനത്തിന് പുറത്തു നിന്നും പച്ച ചകിരി കൊണ്ടു വന്നു കറ കളഞ്ഞ് ഉപയോഗിക്കുന്ന രീതി സംജാതമായി. പണ്ടുമുതൽ നിലനിന്നിരുന്ന തൊണ്ട് ചീയിക്കലും അടുത്ത കാലത്ത് തുടങ്ങിയ ചകിരി അഴുകിക്കലും വൻതോതിൽ ജലമലിനീകരണത്തിന് കാരണമായി തീർന്നുവെന്ന് മലിനീകരണനിയന്ത്രണ ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കയർ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന വൻകിടവും ചെറുകിടവുമായ ഫാക്ടറികളിൽ ചെയ്യുന്ന ബ്ലീച്ചിംഗിലും ചായം മുക്കലിലും നിന്ന് ഉണ്ടാകുന്ന മലിനജലം ജലമലിനീകരണത്തിന്റെ മറ്റൊരു ഉറവിടമാണ്. ഇപ്രകാരമുള്ള പ്രവൃത്തികൾ ചെയ്യുന്ന ചെറുകിട സ്ഥാപനങ്ങളും യാതൊരുവിധ അനുമതികളും ലൈസൻസുകളുമില്ലാത്ത വീടുകൾ തോറും ചെയ്യുന്ന ചകിരി അഴുകിക്കൽ, ചായം മുക്കൽ, ബ്ലീച്ചിംഗ് മുതലായ പ്രക്രിയകൾക്കുശേഷം യാതൊരുവിധ ശുദ്ധീകരണങ്ങളും കൂടാതെ പുറന്തള്ളുന്ന മലിനജലം ഇവയെല്ലാം ജലമലിനീകരണം രൂക്ഷമാക്കിക്കൊണ്ടിരിക്കുന്ന സ്ഥിതി വിശേഷമാണ് അവിടെ നിലനിന്നിരുന്നത്. എന്നാൽ ജില്ലയിലെ എല്ലാ വ്യവസായ സ്ഥാപനങ്ങൾക്കും ജലനിയമപ്രകാരമുള്ള അനുമതി ജലമലിനീകരണനിയന്ത്രണ ബോർഡ് നിർബന്ധമാക്കിയെന്നും മലിനജല ശുദ്ധീകരണ പ്ലാന്റുകൾ സ്ഥാപിക്കാനും ശരിയായി പ്രവർത്തിപ്പിക്കുവാനും മലിനീകരണനിയന്ത്രണ ബോർഡ് ഇവർക്ക് നിർദ്ദേശം നൽകിയെന്നും ഇപ്പോൾ ജില്ലയിൽ പ്രവർത്തിക്കുന്ന എല്ലാ വൻകിട വ്യവസായങ്ങളിലും മിക്ക ചെറുകിട കയർ വ്യവസായങ്ങളിലും മലിനജല ശുദ്ധീകരണ പ്ലാന്റുകൾ ഉണ്ടെന്നും ബോർഡ് അറിയിച്ചിട്ടുണ്ട്. ചകിരി മില്ലുകളിൽ ചകിരി നേരിട്ടു കായലുകളിലും വീടിനോട് ചേർന്നുള്ള കുളങ്ങളിലും നിക്ഷേപിച്ച് അഴുകിപ്പിക്കുന്നത് കൊണ്ടാണ് മലിനീകരണം ഉണ്ടാകുന്നതെന്നും ഇതു തടയാനായി ടാങ്കുകൾ നിർമ്മിച്ച് അതിൽ ഈ പ്രക്രിയ ചെയ്യാനും ടാങ്കിൽ നിന്നുള്ള മലിനജലം ശുദ്ധീകരിച്ച മാത്രം പുറന്തള്ളുവാനും മലിനീകരണ നിയന്ത്രണ ബോർഡ് ഇവർക്ക് നിർദ്ദേശം നൽകിയെന്നും പല സ്ഥാപനങ്ങളിലും ടി സൗകര്യം സ്ഥാപിച്ചെങ്കിലും വീടുകളിൽ ചെയ്യുന്ന പ്രക്രിയകളിൽ നിന്നും മലിനീകരണം തുടരുന്ന സ്ഥിതി ആയിരുന്നുവെന്നും ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

എന്നാൽ ആലപ്പുഴ ജില്ലയിലെ കലവൂരിൽ സ്ഥിതി ചെയ്യുന്ന സെൻട്രൽ കയർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (CCRI) ചകിരി വെള്ളത്തിൽ ഇടാതെ ചകിരിയിൽ ആവണക്കെണ്ണയും വെള്ളവും ചേർന്ന മിശ്രിതം തളിച്ച് രൂപപ്പെടുത്തുന്ന സാങ്കേതികവിദ്യ അടുത്തകാലത്ത് വികസിപ്പിച്ചെടുത്തുവെന്നും ഇത് പ്രായോഗികമായി നടപ്പാക്കുന്നതിനായി കയർ ബോർഡ് ആവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകുന്നുണ്ടെന്നും പുതിയ സാങ്കേതികവിദ്യ ചകിരി അഴുകിക്കൽ പ്രക്രിയയിൽ നിന്നുള്ള ജലമലിനീകരണം പൂർണ്ണമായും ഒഴിവാക്കുന്നതാകയാൽ എല്ലാ ചകിരി മില്ലുകളും വെള്ളത്തിൽ ലയിക്കുന്ന പ്രവർത്തനം നിർത്തി പുതിയ സാങ്കേതികവിദ്യയിലേക്ക് മാറണമെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് പത്രക്കുറിപ്പ് നൽകുകയും ആയത് ജില്ലകളിലെ എല്ലാ മില്ലുകളെയും അറിയിക്കുകയും ചെയ്തിട്ടുണ്ടെന്ന് ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ഇപ്രകാരം കാര്യങ്ങൾ നടപ്പിലാക്കാൻ നടപടിയെടുക്കണമെന്ന് അറിയിച്ചു കൊണ്ട് ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ബോർഡ് കത്ത് നൽകിയിട്ടുമുണ്ട്.

അത്യാവശ്യം ചിലയിനം ഉൽപ്പന്നങ്ങൾക്ക് തൊണ്ടോ ചകിരിയോ ചീയിക്കേണ്ടതുണ്ടെങ്കിൽ അത് ആധുനിക സങ്കേതങ്ങളുപയോഗിച്ച് മലിനീകരണ മുണ്ടാകാതെ ചെയ്യാനുള്ള സംവിധാനം ആവിഷ്കരിക്കുന്നതിന് തിരുവനന്തപുരത്തെ റീജിയണൽ റിസർച്ച് ലബോറട്ടറി (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർഡിസിപ്ലിനറി സയൻസ് ആന്റ് ടെക്നോളജി-എൻ.ഐ.ഐ.എസ്.റ്റി. ആയി പുനർനാമകരണം ചെയ്തത്) മലിനീകരണനിയന്ത്രണ ബോർഡ് മുഖേന സമർപ്പിച്ച പദ്ധതിക്ക് കേന്ദ്ര പരിസ്ഥിതി വനം വകുപ്പ് ധനസഹായം നൽകിയെന്നും പ്രസ്തുത ഗവേഷണം നടന്നുവരുന്നുവെന്നും ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## വിനോദസഞ്ചാരം അനുബന്ധിച്ച മലിനീകരണം

വിനോദസഞ്ചാരം അനുബന്ധിച്ച് വേമ്പനാട് കായലിൽ ഉണ്ടാകാവുന്ന മലിനീകരണം ഹൗസ് ബോട്ടുകളിൽ നിന്നുള്ള സ്വീവേജും എഞ്ചിനിൽ നിന്നുള്ള എണ്ണയും നിമിത്തമാണെന്നും സ്വീവേജ് മലിനീകരണം തടയാൻ ഹൗസ് ബോട്ടുകളിൽ സ്വീവേജ് സംഭരണ സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ടെന്നും ഇപ്രകാരം ശേഖരിക്കുന്ന സ്വീവേജ് കരയിൽ സംസ്കരണശാലയിൽ എത്തിച്ച് സംസ്കരിക്കണമെന്നും കരയിൽ സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുള്ള ഹൗസ് ബോട്ടുകൾക്ക് മാത്രമേ മലിനീകരണനിയന്ത്രണ ബോർഡ് അനുമതി നൽകുന്നുള്ളൂവെന്നും ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കോട്ടയം ജില്ലയിൽ കുമരകത്ത് പൊതുമാലിന്യ ശുദ്ധീകരണ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി ടൂറിസം വകുപ്പ് പൂർത്തീകരിച്ചുവെന്നും ആലപ്പുഴ ജില്ലയിൽ പുന്നമടയിലും ഈ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ എടുത്തു വരികയാണെന്നും ബോർഡ് അറിയിച്ചിട്ടുണ്ട്. ഓയിൽ മലിനീകരണം തടയാൻ ഫോർ സ്ട്രോക്ക് ഔട്ട് ബോർഡ് എഞ്ചിനോ ഇൻബോർഡ് എഞ്ചിനോ ഉപയോഗിക്കുന്ന ഹൗസ് ബോട്ടുകൾക്ക് മാത്രമേ മലിനീകരണ നിയന്ത്രണ ബോർഡ് അനുമതി നൽകുന്നുള്ളൂവെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## ആലപ്പുഴ കനാലുകളിൽ നിന്നുള്ള മലിനീകരണം

ആലപ്പുഴ നഗരത്തിന്റെ പ്രധാന ഭാഗങ്ങളിൽ കൂടി ഒഴുകുന്ന കമേഴ്സ്യൽ കനാലും വാടക്കനാലും വട്ടക്കായൽ എന്ന സ്ഥലത്ത് വേമ്പനാട് കായലിൽ എത്തിച്ചേരുന്നു. നഗരത്തിലെ സ്വീവേജ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ഈ കനാലുകൾ വഴി കായലിൽ എത്തിച്ചേരുന്നു. ഇങ്ങനെയുള്ള മലിനീകരണം തടയാൻ നഗരപ്രദേശങ്ങളിൽ ശരിയായ സീവേജ്-ഖരമാലിന്യശേഖരണ സംസ്കരണ നിർമ്മാർജ്ജന സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ടെന്ന് ബോർഡ് അറിയിച്ചിട്ടുണ്ട്.

## വേമ്പനാട് കായൽ സംരക്ഷണ കർമ്മ പദ്ധതി

വേമ്പനാട് കായലിന്റെ പുനരുദ്ധാരണത്തിനും സംരക്ഷണത്തിനും വേണ്ടി 852 കോടി രൂപയുടെ ഒരു പദ്ധതി തയ്യാറാക്കി മലിനീകരണനിയന്ത്രണ ബോർഡ് സംസ്ഥാന സർക്കാരിന് സമർപ്പിച്ചത് സംസ്ഥാന സർക്കാർ നിർദ്ദേശമനുസരിച്ച് ഇതര വകുപ്പുകളുടെ സഹകരണത്തോടെ ബോർഡ് പുനരാവിഷ്കരിച്ചുവരുന്നു.

വേമ്പനാട് കായൽ നേരിടുന്ന പരിസ്ഥിതി പ്രശ്നങ്ങൾ കണക്കിലെടുത്ത് വിശദമായ കർമ്മ പദ്ധതി തയ്യാറാക്കാൻ മലിനീകരണനിയന്ത്രണ ബോർഡ് റൂർക്കി ഐ.ഐ.റ്റി.യുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ 146.45 ലക്ഷം രൂപ എസ്റ്റിമേറ്റിൽ ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് (ടെണ്ടർ രേഖകൾ ഉൾപ്പെടെ) തയ്യാറാക്കാൻ അവർ തയ്യാറായിട്ടുണ്ടെന്ന് ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ അന്തിമ തീരുമാനം ആയിട്ടില്ല.

## കക്കാ വ്യവസായം

കായലോരങ്ങളിൽ പ്രവർത്തിക്കുന്ന ചെറുതും വലുതുമായ കക്കാച്ചൂളകൾക്ക് മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്താൻ നിർദ്ദേശം നൽകിയെങ്കിലും അനുകൂലമായ പ്രതികരണം ചൂള ഉടമകളുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലെന്നും അതിനാൽ മലിനീകരണനിയന്ത്രണ ബോർഡിന്റെ അനുമതി പത്രമില്ലാതെയും നിർദ്ദേശങ്ങൾ പാലിക്കാതെയും പ്രവർത്തിക്കുന്ന 27 ചൂളകൾക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ടെന്നും ഇവയ്ക്കെതിരെ ഉചിതമായ നടപടിയെടുക്കണമെന്ന് പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## ആലപ്പുഴ മെഡിക്കൽ കോളേജ്

ആലപ്പുഴ മെഡിക്കൽ കോളേജും അനുബന്ധ ആശുപത്രിയും ആലപ്പുഴയിൽ നിന്ന് വണ്ടാനത്തേക്ക് മാറ്റികൊണ്ടിരിക്കുകയാണ്. ടി ആശുപത്രിയിലെ ബയോമെഡിക്കൽ മാലിന്യങ്ങൾ, സ്വീവേജ്, ഗാർബേജ് മുതലായവ ശാസ്ത്രീയമായ രീതിയിൽ നിർമ്മാർജ്ജനം

ചെയ്യാനുള്ള നടപടികൾ എടുക്കാത്തതായി കണ്ടതിനെത്തുടർന്ന് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ, മെഡിക്കൽ കോളേജ് സൂപ്രണ്ട്, ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി., ബിൽഡിംഗ് ഡിവിഷൻ, ആലപ്പുഴ തുടങ്ങിയവർക്ക് മലിനീകരണ നിയന്ത്രണ ബോർഡ് നോട്ടീസ് നൽകിയെന്നും മറുപടി തൃപ്തികരമല്ലാത്തതിനാൽ പ്രിൻസിപ്പാളിന് പ്രോസിക്യൂഷൻ നോട്ടീസും നൽകിയെന്ന് ബോർഡ് അറിയിച്ചിട്ടുണ്ട്. അതിനെത്തുടർന്ന് 1.84 കോടി രൂപ ചെലവുവരുന്ന മലിനജല ശുദ്ധീകരണ പ്ലാന്റിന്റെ നിർമ്മാണം പ്രാഥമിക ഘട്ടത്തിലാണെന്നും ടി പ്ലാന്റ് ഒരു വർഷത്തിനകം പൂർത്തിയാകുമെന്നും കോളേജ് അധികാരികൾ അറിയിച്ചുവെങ്കിലും ഇക്കാര്യത്തിൽ ഗണ്യമായ പുരോഗതിയില്ലെന്നാണ് കാണുന്നതെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.